# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: No.KSA TSR(P6)/951 /2022dt.02.07.22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 03/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
3) കാര്യാലയ പകർപ്പ്.

നമ്പർ: No.KSA TSR(P6)/951 /2022dt.02.07.22 തീയ്യതി: 03/07/2022

## തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 26-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 01-06-2022 | 03-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-06-2022 | 03-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രാംമനോഹർ.വി.കെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി.സുധ.ഇ.എൻ, അസ.ഓഡിറ്റ് ഓഫീസർ,
ശ്രീ.സുനിൽ.പി.ബി, അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ.ജീജോ ജോബ്, സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീ.ജയൻ.വി.എസ്, ഓഡിറ്റർ,

ശ്രീ.ജോയ്സൻ.സി.ജെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എസ്.ബസന്ത്ലാൽ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| കെ.വി.നഫീസ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| സരിത.എ.കെ | സെക്രട്ടറി | 01-04-2020 | 22-12-2020 |
| അജയഘോഷ്.പി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-12-2020 | 18-01-2021 |
| സരിത.എ.കെ | സെക്രട്ടറി | 19-01-2021 | 30-01-2021 |
| ശശികുമാർ.കെ | സെക്രട്ടറി | 31-01-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ്.ഇ.കെ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| സുരഭി.സി.എസ് | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| വിജിരാജ്.എം.ആർ | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| അജിത.കെ.എൻ | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| മിനി.പി.കെ | ശിശു വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| സുസ്മിത.കെ.എസ് | ക്ഷീര വികസന ഓഫീസർ | 01-04-2020 | 14-01-2021 |
| നന്ദിനി.ടി | ക്ഷീര വികസന ഓഫീസർ | 15-01-2021 | 31-03-2021 |
| ഡോ.വി.എം.ഹാരിസ് | സീനിയർ വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ഡോ.രശ്മി.ഇ.എൻ | സൂപ്രണ്ട്, സി.എച്ച്.സി, എരുമപ്പെട്ടി | 01-04-2020 | 27-02-2021 |
| ഡോ.സുഷമ.ഇ | സൂപ്രണ്ട്, സി.എച്ച്.സി, എരുമപ്പെട്ടി | 28-02-2021 | 31-03-2021 |
| അജിത്ത് | കൃഷി അസിസ്റ്റന്റ് | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| മോഹൻ.എൻ.കെ | ഡയറക്ടർ | | |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ram Manohar V.K (Audit Officer (HG), On 04-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-1 |
| 2 | ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ബ്ലോക്ക് പഞ്ചായത്തും.<br>Written By: Ram Manohar V.K (Audit Officer (HG), On 04-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 02-07-2022) | 1-1-1 |
| 3 | ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)<br>Written By: Ram Manohar V.K (Audit Officer (HG), On 04-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-1-2 |
| 4 | വാർഷിക ധനകാര്യ പത്രിക<br>Written By: Jeejo Job (Senior Grade Auditor, On 03-06-2022)<br>Last Updated By: Jeejo Job (Senior Grade Auditor, On 03-06-2022) | 1-2 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Jeejo Job (Senior Grade Auditor, On 03-06-2022)<br>Last Updated By: Jeejo Job (Senior Grade Auditor, On 03-06-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Jeejo Job (Senior Grade Auditor, On 03-06-2022)<br>Last Updated By: Jeejo Job (Senior Grade Auditor, On 04-06-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Jeejo Job (Senior Grade Auditor, On 03-06-2022)<br>Last Updated By: Jeejo Job (Senior Grade Auditor, On 04-06-2022) | 1-5 |
| 8 | കാഷ് ബാലൻസ് പരിശോധന<br>Written By: Joyson (Auditor, On 04-06-2022)<br>Last Updated By: Joyson (Auditor, On 04-06-2022) | 1-6 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Ram Manohar V.K (Audit Officer (HG), On 04-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-7 |
| 10 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jeejo Job (Senior Grade Auditor, On 03-06-2022)<br>Last Updated By: Jeejo Job (Senior Grade Auditor, On 03-06-2022) | 1-8 |
| 11 | വാർഷിക കണക്ക്- എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല.<br>Written By: Jeejo Job (Senior Grade Auditor, On 03-06-2022)<br>Last Updated By: Jeejo Job (Senior Grade Auditor, On 03-06-2022) | 1-8-1 |
| 12 | രജിസ്റ്ററുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല<br>Written By: Jeejo Job (Senior Grade Auditor, On 03-06-2022)<br>Last Updated By: Jeejo Job (Senior Grade Auditor, On 03-06-2022) | 1-8-2 |
| 13 | ഡെപ്പോസിറ്റ് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയില്ല<br>Written By: Jeejo Job (Senior Grade Auditor, On 03-06-2022)<br>Last Updated By: Jeejo Job (Senior Grade Auditor, On 03-06-2022) | 1-8-3 |
| 14 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Jeejo Job (Senior Grade Auditor, On 03-06-2022)<br>Last Updated By: Jeejo Job (Senior Grade Auditor, On 03-06-2022) | 1-8-4 |
| 15 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് - ശീർഷകത്തിലെ തുകയുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.<br>Written By: Jeejo Job (Senior Grade Auditor, On 03-06-2022)<br>Last Updated By: Jeejo Job (Senior Grade Auditor, On 03-06-2022) | 1-8-5 |
| 16 | ഡെപ്പോസിറ്റ് വർക്കുകൾ- ബാധകമായ അഡ്വാൻസ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-8-6 |

| | | |
|---|---|---|
| | Written By: Jeejo Job (Senior Grade Auditor, On 03-06-2022)<br>Last Updated By: Jeejo Job (Senior Grade Auditor, On 03-06-2022) | |
| 17 | അഡ്വാൻസ് ഇനങ്ങൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Jeejo Job (Senior Grade Auditor, On 03-06-2022)<br>Last Updated By: Jeejo Job (Senior Grade Auditor, On 03-06-2022) | 1-8-7 |
| 18 | വാർഷികകണക്കിലെ ചെലവ് സുലേഖ സ്റ്റേറ്റ് മെന്റുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Jeejo Job (Senior Grade Auditor, On 03-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-8-8 |
| 19 | ജേണൽ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.<br>Written By: Jeejo Job (Senior Grade Auditor, On 03-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-8-9 |
| 20 | ഡിപ്രിസിയേഷൻ കണക്കാക്കിയ പത്രിക ഓഡിറ്റിന് ലഭ്യമാക്കിയില്ല.<br>Written By: Jeejo Job (Senior Grade Auditor, On 03-06-2022)<br>Last Updated By: Jeejo Job (Senior Grade Auditor, On 03-06-2022) | 1-8-10 |
| 21 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Jeejo Job (Senior Grade Auditor, On 03-06-2022)<br>Last Updated By: Jeejo Job (Senior Grade Auditor, On 03-06-2022) | 1-8-11 |
| 22 | സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക ചെലവായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല<br>Written By: Jeejo Job (Senior Grade Auditor, On 03-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-8-12 |
| 23 | ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തന കമ്മിറ്റികൾ, ജോയിന്റ് കമ്മിറ്റികൾ എന്നിവ രൂപീകൃതമായിട്ടില്ല<br>Written By: Ram Manohar V.K (Audit Officer (HG), On 04-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 02-07-2022) | 1-9 |
| 24 | ബ്ലോക്ക് പഞ്ചായത്തിന്റെ വികസനപദ്ധതികൾ - നിയമവ്യവസ്ഥ പാലിക്കുന്നു എന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 04-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-10 |
| 25 | ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതിന് തുടർനടപടി ഉണ്ടാകണം<br>Written By: Ram Manohar V.K (Audit Officer (HG), On 04-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 02-07-2022) | 1-11 |
| 26 | അസറ്റ് മാനേജ്മെന്റ് മാന്വൽ --- നിർദ്ദേശങ്ങൾ നടപ്പിലായില്ല<br>Written By: Ram Manohar V.K (Audit Officer (HG), On 04-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 02-07-2022) | 1-12 |
| 27 | ആസ്തികൾ നിഷ്ക്രിയാവസ്ഥയിൽ<br>Written By: Joyson (Auditor, On 03-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-13 |
| 28 | മണ്ണിന്റെ വാല്യൂവേഷൻ തെറ്റായി കണക്കാക്കി ലേലം ചെയ്തു<br>Written By: Joyson (Auditor, On 03-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-14 |
| 29 | രസീത് പുസ്തക പ്രകാരം പിരിച്ചെടുത്ത തുകകൾ ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.<br>Written By: Jeejo Job (Senior Grade Auditor, On 03-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-15 |
| 30 | വസ്തുനികുതി അടവാക്കിയത് തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Joyson (Auditor, On 03-06-2022)<br>Last Updated By: Joyson (Auditor, On 03-06-2022) | 1-16 |
| 31 | നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Joyson (Auditor, On 03-06-2022) | 1-17 |

| | | |
|---|---|---|
| | Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | |
| 32 | കാമധേനു ക്ഷീരോത്പാദനം - തൊഴുത്തിന് സബ്സിഡി- മൂല്യനിർണ്ണയ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയില്ല.<br>Written By: Jeejo Job (Senior Grade Auditor, On 03-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-18 |
| 33 | സീനിയർ വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികൾ - പൊതു അപാകതകൾ<br>Written By: Jeejo Job (Senior Grade Auditor, On 03-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-19 |
| 34 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ഹാജരാക്കിയില്ല.<br>Written By: Jayan VS (Auditor, On 03-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 02-07-2022) | 1-20 |
| 35 | ലൈഫ് എസ്.സി ഗുണഭോക്താക്കൾക്ക് വീട് വയ്ക്കുന്നതിന് സ്ഥലം വാങ്ങൽ - ആധാരത്തിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല<br>Written By: Jayan VS (Auditor, On 03-06-2022)<br>Last Updated By: Jayan VS (Auditor, On 03-06-2022) | 1-21 |
| 36 | എസ്.സി.പെൺകുട്ടികൾക്ക് വിവാഹ ധനസഹായം - മുഴുവൻ അപേക്ഷകളും ഹാജരാക്കിയില്ല<br>Written By: Jayan VS (Auditor, On 03-06-2022)<br>Last Updated By: Jayan VS (Auditor, On 03-06-2022) | 1-22 |
| 37 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി - മുഴുവൻ രേഖകളും ഹാജരാക്കിയില്ല.<br>Written By: Jayan VS (Auditor, On 03-06-2022)<br>Last Updated By: Jayan VS (Auditor, On 03-06-2022) | 1-23 |
| 38 | പട്ടിക ജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി ടെലിവിഷൻ വിതരണം ചെയ്യൽ - 3,69,180/- രൂപയുടെ ടാക്സ് ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല.<br>Written By: Jayan VS (Auditor, On 03-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 02-07-2022) | 1-24 |
| 39 | മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: Jayan VS (Auditor, On 03-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 28-06-2022) | 1-25 |
| 40 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലും, കൈമാറി കിട്ടിയ സ്ഥാപനങ്ങളിലേയ്ക്കും കംമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ - രണ്ടു കമ്പ്യൂട്ടറുകൾ നാളിതു വരെ വിതരണം ചെയ്തിട്ടില്ല. കൂടാതെ വിതരണം ചെയ്ത കമ്പ്യൂട്ടറുകൾക്കായി അധികം നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: Sudha.E.N (Asst. Audit Officer, On 03-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-26 |
| 41 | ബ്ലോക്ക് ഓഫീസ് പുതിയ കെട്ടിടം ഫർണീഷിങ്ങ് - അപാകതകൾ<br>Written By: Sudha.E.N (Asst. Audit Officer, On 03-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-27 |
| 42 | ബ്ലോക്ക് ഓഫീസിൽ സോളാർ വൈദ്യുതീകരണം - പത്ത് ലക്ഷം മുൻകൂർ നല്കിയിട്ടും പദ്ധതി നടപ്പിലായില്ല<br>Written By: Sudha.E.N (Asst. Audit Officer, On 03-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-28 |
| 43 | വി.ഇ.ഓ.മാർക്ക് ലാപ്ടോപ്പ് വാങ്ങൽ തുക അടവാക്കിയിട്ട് ഒരുവർഷക്കാലമായിട്ടും, ലാപ്ടോപ്പ് വിതരണം ചെയ്തിട്ടില്ല.<br>Written By: Sudha.E.N (Asst. Audit Officer, On 03-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-29 |
| 44 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ | 1-30 |

| | | |
|---|---|---|
| | -പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്<br>Written By: Sudha.E.N (Asst. Audit Officer, On 03-06-2022)<br>Last Updated By: Sudha.E.N (Asst. Audit Officer, On 03-06-2022) | |
| 45 | എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് വാഹനം വാടകക്കെടുക്കൽ - വാടകയിനത്തിൽ അധിക തുക നല്കി<br>Written By: Ram Manohar V.K (Audit Officer (HG), On 03-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-31 |
| 46 | കണ്ടേഷൻ നടപടികൾ ഇല്ലാതെ വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നു<br>Written By: Joyson (Auditor, On 03-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-32 |
| 47 | അനുവദനീയമായതിലധികം തുക ധനസഹായം അനുവദിച്ചു.<br>Written By: Jeejo Job (Senior Grade Auditor, On 03-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 02-07-2022) | 1-33 |
| 48 | പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല<br>Written By: Joyson (Auditor, On 03-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 02-07-2022) | 1-34 |
| 49 | മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 04-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-35 |
| 50 | മരാമത്ത് പണികൾ-- മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.<br>Written By: Ram Manohar V.K (Audit Officer (HG), On 04-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-36 |
| 51 | "എരുമപ്പെട്ടി സി.എച്ച്.സി ജെറിയാട്രിക്ക് വാർഡ് പൂർത്തീകരണം, വൈദ്യുതീകരണം" പ്രോജക്ട് നംപർ 48/21 – രേഖകൾ ഹാജരാക്കേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 04-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-37 |
| 52 | പ്രോജക്ട് രേഖകൾ പരിശോധനക്കായി ആവശ്യപ്പെടുന്നു<br>Written By: Ram Manohar V.K (Audit Officer (HG), On 04-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-38 |
| 53 | "ബ്ലോക്ക് ഹെഡ്ക്വാർട്ടേഴ്സ് ട്രസ്റ്റ് വർക്ക് സീലിംഗ് ഇലക്ട്രിഫിക്കേഷൻ അനുബന്ധപ്രവർത്തികൾ" - പ്രോജക്ട് നംപർ 44/21 – രേഖകൾ ഹാജരാക്കേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 04-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 02-07-2022) | 1-39 |
| 54 | വൌച്ചറുകളും അനുബന്ധ ഫയലുകളും പരിശോധനക്ക് ലഭിച്ചിട്ടില്ല – ആയത് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 04-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-40 |
| 55 | വെട്ടുകാട് കോളനി കുടിവെള്ള പദ്ധതി (വരവൂർ ഗ്രാ. പ) - ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ<br>Written By: Ram Manohar V.K (Audit Officer (HG), On 04-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 1-41 |
| 56 | കാലിബ്രേഷൻ വില ഈടാക്കാതെ കരാറുകാരന് ബിൽ തുക | 1-42 |

| | | |
|---|---|---|
| | അനുവദിച്ചതിനാൽ അധിക ചെലവ്<br>Written By: Ram Manohar V.K (Audit Officer (HG), On 04-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | |
| 57 | എം. ബുക്കിൽ ഫൈനൽ ബിൽ തയ്യാറാക്കി പാസ്സാക്കാതെ കരാറുകാരന് ഫൈനൽ ബിൽ പ്രകാരം തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് നൽകിയത് ക്രമത്തിലല്ല.<br>Written By: Ram Manohar V.K (Audit Officer (HG), On 04-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-43 |
| 58 | ക്വാളിറ്റി ടെസ്റ്റ് ഉറപ്പുവരുത്താതെ ബിൽ തുക അനുവദിച്ചു നൽകിയത് - ക്രമവിരുദ്ധം.<br>Written By: Ram Manohar V.K (Audit Officer (HG), On 04-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-44 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് വാഹനം വാടകക്കെടുക്കൽ - വാടകയിനത്തിൽ അധിക തുക നല്കി<br>Written By: Ram Manohar V.K (Audit Officer (HG), On 03-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 3-1 |
| 2 | അനുവദനീയമായതിലധികം തുക ധനസഹായം അനുവദിച്ചു.<br>Written By: Jeejo Job (Senior Grade Auditor, On 03-06-2022)<br>Last Updated By: Jeejo Job (Senior Grade Auditor, On 03-06-2022) | 3-2 |
| 3 | കാലിബ്രേഷൻ വില ഈടാക്കാതെ കരാറുകാരന് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ്<br>Written By: Ram Manohar V.K (Audit Officer (HG), On 04-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 04-06-2022) | 3-3 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayan VS (Auditor, On 02-06-2022)<br>Last Updated By: Jeejo Job (Senior Grade Auditor, On 04-06-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayan VS (Auditor, On 02-06-2022)<br>Last Updated By: Jeejo Job (Senior Grade Auditor, On 03-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Jayan VS (Auditor, On 02-06-2022)<br>Last Updated By: Jayan VS (Auditor, On 02-06-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jayan VS (Auditor, On 02-06-2022)<br>Last Updated By: Jayan VS (Auditor, On 02-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Jayan VS (Auditor, On 02-06-2022)<br>Last Updated By: Jayan VS (Auditor, On 02-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayan VS (Auditor, On 02-06-2022)<br>Last Updated By: Jayan VS (Auditor, On 02-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: Jayan VS (Auditor, On 02-06-2022)<br>Last Updated By: Jayan VS (Auditor, On 02-06-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jayan VS (Auditor, On 02-06-2022)<br>Last Updated By: Jayan VS (Auditor, On 02-06-2022) | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayan VS (Auditor, On 02-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jayan VS (Auditor, On 02-06-2022)<br>Last Updated By: Jayan VS (Auditor, On 02-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ബ്ലോക്ക് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 23.03.20 ലെ തീരുമാനം 1 പ്രകാരം 2020-21 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് അംഗീകരിക്കുകയുണ്ടായി. തുടർന്ന് ഭരണസമിതി യോഗത്തിൽ വൈസ് പ്രസിഡന്റ് കരട് ബജറ്റ് ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചതായി മിനുട്സിൽ ചേർത്തിട്ടില്ല. പഞ്ചായത്ത് ഭരണസമിതിയുടെ 26.03.20 ലെ തീരുമാനം 1(1) പ്രകാരം 2020-21 വർഷത്തെ ബജറ്റ് അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് 85,20,16,000 രൂപ വരവും(മുൻബാക്കി ചേർത്തിട്ടില്ല), 85,14,66,000 രൂപ ചെലവും 5,50,000 രൂപ മിച്ചവും വരുന്ന ബജറ്റാണ് അംഗീകരിച്ചത്. ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയോ, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോ 2020-21 വർഷത്തെ പുതുക്കിയ ബജറ്റ് അംഗീകരിച്ചതായി രേഖയില്ല.

പഞ്ചായത്ത് ബജറ്റ് തയ്യാറാക്കുന്നതിനും, പുതുക്കുന്നതിനും, പാസ്സാക്കുന്നതിനും സ്വീകരിക്കേണ്ട നിയമപരമായ ബാധ്യതകൾ എത്രത്തോളം നിർവ്വഹിച്ചു എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റിൽ ലക്ഷ്യമിട്ടത്.

### 1-1-1 ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ബ്ലോക്ക് പഞ്ചായത്തും.

1) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175 ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോവർഷവും ജനവരി 15 ാം തീയതിക്കു മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.

ബ്ലോക്ക് പഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന ഉദ്യോഗസ്ഥരിൽ നിന്നും അവരവരുടെ വിഷയവുമായി ബന്ധപ്പെട്ട് വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും പൂർണ്ണമായും ബജറ്റ് നിർദ്ദേശങ്ങൾ ലഭിച്ചു എന്ന് ഉറപ്പാക്കത്തക്ക മറ്റ് രേഖപ്പെടുത്തലുകൾ മിനുട്സിൽ ചേർത്തിട്ടില്ലാത്തതാണ്. അതുകൊണ്ടുതന്നെ ബ്ലോക്ക് പഞ്ചായത്തിൽ ബജറ്റ് തയ്യാറാക്കിയത് ആവശ്യമായ അടിസ്ഥാനവിവരങ്ങളുടെ അഭാവത്തിലാണെന്ന് ന്യായമായും കരുതാവുന്നതാണ്.

2) ഇപ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും കേരള പഞ്ചായത്ത് രാജ് നിയമത്തിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അതിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബജറ്റ് തയ്യാറാക്കേണ്ടതായുണ്ട്. അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ മാർച്ച് മാസത്തെ ആദ്യത്തെ ആഴ്ച ബ്ലോക്ക് പഞ്ചായത്ത് മുൻപാകെ അതിന്റെ പ്രത്യേക യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കണം. ഇപ്രകാരം ലഭിക്കുന്ന നിർദ്ദേശങ്ങൾ ബ്ലോക്ക് പഞ്ചായത്ത് പരിഗണിക്കുകയും ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി ഭേദഗതികൾ സഹിതം പാസ്സാക്കേണ്ടതുമാണ്.

ബ്ലോക്ക് പഞ്ചായത്ത് ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

3) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 71 അനുസരിച്ച് അക്രൂവൽ അടിസ്ഥാനത്തിലുള്ള ബജറ്റാണ് ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കേണ്ടത്. ബജറ്റ് എസ്റ്റിമേറ്റിനൊപ്പം താഴെ നിർദ്ദേശിക്കുന്ന പത്രികകൾ കൂടി ഉണ്ടായിരിക്കേണ്ടതാണ്.

(I) റവന്യൂ വരുമാനം സംബന്ധിച്ച എസ്റ്റിമേറ്റ്

(Ii) റവന്യൂ ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iii) മൂലധന വരവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iv) മൂലധന ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(V) വായ്പാ തിരിച്ചടവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Vi) വായ്പകളും മുൻകൂറുകളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Vii) ഡെപ്പോസിറ്റുകളും, റിക്കവറികളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Viii) നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ്

എന്നാൽ ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ച ബജറ്റിൽ ഇപ്രകാരം പ്രത്യേകം പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214(2) വകുപ്പനുസരിച്ച്, ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള പ്രവർത്തന നീക്കിയിരിപ്പ് നടപ്പുവർഷത്തെ മതിപ്പു വരവിൽ എൻഡോവ്മെന്റുകളിലും സർക്കാർ ഗ്രാന്റുകളിലും അംശദായങ്ങളിലും ഋണശീർഷകങ്ങളിലും നിന്നുള്ള വരവുകൾ എന്നിവ ഒഴികെയുള്ളതിന്റെ അഞ്ചുശതമാനത്തിൽ കുറയാൻ പാടുള്ളതല്ലെന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതാണ്. മേൽ വിവരിച്ച പത്രികകളുടെ അഭാവം ബജറ്റിൽ ചേർത്ത പ്രവർത്തന നീക്കിയിരിപ്പ് ഈ വ്യവസ്ഥപ്പെടുത്തൽ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നതാണ്.

4) ബജറ്റ് പാസ്സാക്കി കഴിഞ്ഞാലുടനെ ആയതിന്റെ പകർപ്പ് ഓഡിറ്റർമാർക്ക് നൽകേണ്ടതാണെന്ന കേരള പഞ്ചായത്ത് രാജ് നിയമം 214 (7) വകുപ്പനുസരിച്ച വ്യവസ്ഥ പാലിച്ചിട്ടില്ല.

## 1-1-2 ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)

(I) അനുപൂരകമോ പുതുക്കിയതോ ആയ ബജറ്റ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 അനുസരിച്ച് ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ, ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുൻപ് അനുപൂരക ബജറ്റോ, പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് ബജറ്റ് പാസ്സാക്കി കഴിഞ്ഞ ശേഷം ബജറ്റ് പുതുക്കൽ അനിവാര്യമാകേണ്ടിയിരുന്ന ചില സന്ദർഭങ്ങൾ ചുവടെ ചേർക്കുന്നു.

06.07.20 ലെ ഭരണസമിതി തീരുമാനം 1.1അനുസരിച്ച് 2020-21 സാമ്പത്തികവർഷത്തെ അംഗീകാരം ലഭിച്ച 34 പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നതിനും, 12 പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതിനും, 22പുതിയ പ്രോജക്ടുകൾ പുതുതായി ഏറ്റെടുക്കുന്നതിനും തീരുമാനിച്ചിരുന്നു. എന്നാൽ ബജറ്റ് പുതുക്കിയില്ല.

2020-21 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭിച്ചിട്ടുള്ളതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് പാസ്സാക്കിയ ബജറ്റിൽ ഈ തുക ഉൾപ്പെടുത്തിയിട്ടില്ല. ഇതിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളതാണ്. എന്നാൽ ബജറ്റ് പുതുക്കിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 73 അനുസരിച്ച് ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും, നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൗണ്ടന്റിനുമായിരിക്കും എന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ സാമാന്യമായി പാലിച്ചതായി കരുതാനാകില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 29.06.2021 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,71,92,251 |
| വരവ് | 7,37,57,855 |
| ആകെ | 10,09,50,106 |
| ചെലവ് | 7,95,46,192 |
| നീക്കിയിരിപ്പ് | 2,14,03,914 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | ACR പ്രകാരം വരവ് | ആകെ | ചെലവ് | ചെലവഴിയ്ക്കാത്ത തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 33959526 | 33959526 | 31743929 | 2215597 |
| വികസനഫണ്ട് എസ്.സി.പി. | 0 | 14236000 | 14236000 | 14189976 | 46024 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 131000 | 131000 | 131000 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5929414 | 5929414 | 5927279 | 2135 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 106 | 118709658 | 66 | 67735683 | 27 | 13 | 62 |

## 1-6 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 28.05.2022 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ കാഷ് ബാലൻസ് ഇല്ല എന്നുള്ളത് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ബജറ്റ്, അക്കൗണ്ടിങ്ങ്, പദ്ധതി നിർവ്വഹണം എന്നീ വിവിധ ശീർഷകങ്ങളിലായി ഈ ഓഡിറ്റ് റിപ്പോർട്ടിൽ അതാത് ഓഡിറ്റ് ശീർഷകങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-8 വാർഷിക കണക്കിലെ അപാകതകൾ

2020-21 ലെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

### 1-8-1 വാർഷിക കണക്ക്- എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

### 1-8-2 രജിസ്റ്ററുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല

ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ), (ജി)). എന്നാൽ, ബ്ലോക്ക് പഞ്ചായത്ത് വാടക രജിസ്റ്റർ, ടെണ്ടർ ഫോം വില്പന രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈ പ്രക്രിയ നടത്തി വരുന്നുണ്ടോയെന്ന് പരിശോധിക്കുവാനായില്ല. കൂടാതെ, വാർഷിക കണക്കുകളിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യതയും പരിശോധിക്കുവാനായില്ല.

### 1-8-3 ഡെപ്പോസിറ്റ് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B7 പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

### 1-8-4 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-8-5 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് - ശീർഷകത്തിലെ തുകയുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

412010101-Capital Work In Progress എന്ന ശീർഷകത്തിൽ 2020-21 വർഷത്തിൽ പൂർത്തീകരിക്കാത്ത ആസ്തിയിനത്തിലെ അവശേഷിക്കുന്ന തുക 57,57,124/- രൂപയാണ്. എന്നാൽ അസി.എഞ്ചിനീയർ ലഭ്യമാക്കിയ പട്ടിക പ്രകാരം അസി.എഞ്ചിനീയർ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ തൻവർഷം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്കായി 65,01,229/- രൂപയുടെ പാർട്ട് ബില്ലുകൾ അനുവദിച്ചിട്ടുണ്ട്.

### 1-8-6 ഡെപ്പോസിറ്റ് വർക്കുകൾ- ബാധകമായ അഡ്വാൻസ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

അഡ്വാൻസ് രജിസ്റ്റർ പ്രകാരം 2020-21 വർഷം വിവിധ പ്രവൃത്തികൾക്കായി ഭൂജല വകുപ്പിൽ 1430000/- രൂപയും, അനർട്ടിൽ 1000000/- രൂപയും ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ മേൽ തുകകൾ ബാലൻസ് ഷീറ്റിൽ ബാധകമായ ശീർഷകങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-8-7 അഡ്വാൻസ് ഇനങ്ങൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റ് ബി-18 ലെ 460509901-Advance To Others, 460800102- Scheme Expenditure Receivable എന്നീ ശീർഷകങ്ങളിലെ തുകകൾ അഡ്വാൻസ് രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-8-8 വാർഷികകണക്കിലെ ചെലവ് സുലേഖ സ്റ്റേറ്റ് മെന്റുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്ക് പ്രകാരം 2020-21 വർഷത്തിൽ വികസന ഫണ്ട് (പൊതു വിഭാഗം) ഇനത്തിലെ ആകെ ചെലവ് 3,17,43,929/- രൂപയാണ്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ 2020-21 വർഷത്തെ സുലേഖ ചെലവ് പത്രിക പ്രകാരം ഈയിനത്തിലെ ചെലവ് 3,11,61,787/- രൂപയാണ്. പ്രൊജക്ട് നമ്പർ 67 ബ്ലോക്ക് ഓഫീസ് ന്യൂ ബിൽഡിംഗ് എന്ന പ്രൊജക്ടിനായി ചെലവഴിച്ച 582142/- രൂപ ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

### 1-8-9 ജേണൽ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ജേണൽ എൻട്രികൾക്ക് ഉപോദ്ബലകമായ മേൽ രേഖകൾ സൂക്ഷിക്കാത്തതിനാൽ ജേണൽ എൻട്രികളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

## 1-8-10 ഡിപ്രിസിയേഷൻ കണക്കാക്കിയ പത്രിക ഓഡിറ്റിന് ലഭ്യമാക്കിയില്ല.

2020-21 വർഷത്തെ Income And Expenditure പത്രിക പ്രകാരം 17,42,062/- രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-8-11 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (57,88,337/-) രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (53,72,513/-) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-8-12 സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക ചെലവായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല

മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) രണ്ടാം ഗഡു അനുവദിച്ചപ്പോൾ ത്രിതല പഞ്ചായത്തുകളിലേക്ക് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിലേക്ക് ആവശ്യമായ തുകയുടെ 50% കുറവ് ചെയ്ത് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കാൻ 60,586/- രൂപ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. ഈ ചെലവ് വാർഷിക കണക്കിൽ (ഇൻകം & എക്സ്പൻഡിച്ചർ പത്രികയിൽ) ഉൾപ്പെട്ടിട്ടില്ല.

## 1-9 ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തന കമ്മിറ്റികൾ, ജോയിന്റ് കമ്മിറ്റികൾ എന്നിവ രൂപീകൃതമായിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 163 ാം വകുപ്പ് ഓരോ പഞ്ചായത്തിനും പ്രസ്തുത വകുപ്പിൽ വ്യക്തമാക്കിയ പ്രകാരം പ്രവർത്തന കമ്മിറ്റികൾ രൂപീകരിക്കുന്നതിനായി അധികാരം നൽകിയിട്ടുണ്ട്. പ്രസ്തുത നിയമത്തിലെ 165 ാം വകുപ്പ് മറ്റ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി ചേർന്ന് ജോയിന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനും അധികാരം നൽകിയിട്ടുണ്ട്. ഓഡിറ്റ് കാലയളവിൽ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിൽ ഇപ്രകാരം പ്രവർത്തന കമ്മിറ്റികളോ, ജോയിന്റ് കമ്മിറ്റികളോ രൂപീകരിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരം അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.01/28.05.22) ലഭ്യമാക്കിയ മറുപടി അനുസരിച്ച് ബ്ലോക്ക് പഞ്ചായത്തിൽ ഇപ്രകാരം കമ്മറ്റികളൊന്നും രൂപീകരിച്ചിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 4(1) ാം വകുപ്പ് പ്രകാരം മധ്യതലത്തിൽ സൃഷ്ടിക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾക്ക് പഞ്ചായത്ത് രാജ് നിയമത്തിലെ നാലാം പട്ടികപ്രകാരം അതിന്റെ ചുമതലകൾ യഥാവിധി നിർവ്വഹിക്കുന്നതിന് ഇത്തരം കമ്മറ്റികൾ സഹായകരമാകുമെന്നതിനാൽ നിയമപ്രകാരം ആയത് രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 ബ്ലോക്ക് പഞ്ചായത്തിന്റെ വികസനപദ്ധതികൾ - നിയമവ്യവസ്ഥ പാലിക്കുന്നു എന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

1) 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 175(6) ാം വകുപ്പ് ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ വികസന പദ്ധതികളുടെ പകർപ്പ് അതിന്റെ പ്രദേശം ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തിനും, ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ വികസന പദ്ധതിയുടെ പകർപ്പ് അതിന്റെ പ്രദേശം ഉൾപ്പെടുന്ന ജില്ലാ പഞ്ചായത്തിനും അയച്ചുകൊടുക്കുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് കാലയളവിൽ, വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വരുന്ന ഏതെങ്കിലും ഗ്രാമ പഞ്ചായത്തുകൾ ഇപ്രകാരം തങ്ങളുടെ വികസന പദ്ധതികളുടെ പകർപ്പ് ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ എന്ന് ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നം.02/28.05.22) ലഭ്യമാക്കിയ മറുപടി പ്രകാരം ഗ്രാമ പഞ്ചായത്തുകൾ പദ്ധതികളുടെ പകർപ്പുകൾ ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്.

2) പഞ്ചായത്ത് വാർഷിക പദ്ധതികൾക്കും പഞ്ചവത്സര പദ്ധതികൾക്കും പുറമേ ഇൻഫ്രാസ്ട്രക്ചർ വികസനത്തിന് വേണ്ടി, സ്പെഷ്യൽ പ്ലാനിംഗിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടും വിഭവസമ്പത്തും തുടർന്നുള്ള വികസനത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടും, പതിനഞ്ചു വർഷക്കാലത്തേക്ക് ദീർഘവീക്ഷണത്തോടുകൂടിയ ഒരുപദ്ധതി തയ്യാറാക്കേണ്ടതും അപ്രകാരമുള്ള പദ്ധതി ബന്ധപ്പെട്ട ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് അയച്ചുകൊടുക്കേണ്ടതാണെന്ന് 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 175(4) ാം വകുപ്പ് നിഷ്കർഷിക്കുന്നുണ്ട്. ഓഡിറ്റ് കാലയളവിൽ, വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് ഈ വ്യവസ്ഥപ്പെടുത്തൽ പ്രകാരം സ്വീകരിച്ച നടപടികൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നം.02/28.05.22) ലഭ്യമാക്കിയ മറുപടി പ്രകാരം ഇപ്രകാരം ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതി തയ്യാറാക്കിയിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 4(1) ാം വകുപ്പ് പ്രകാരം മധ്യതലത്തിൽ സൃഷ്ടിക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾക്ക് പഞ്ചായത്ത് രാജ് നിയമത്തിലെ നാലാം പട്ടികപ്രകാരം അതിന്റെ ചുമതലകൾ യഥാവിധി നിർവ്വഹിക്കുന്നതിന് ഇത്തരം വ്യവസ്ഥപ്പെടുത്തലുകൾ സഹായകരമാകുമെന്നതിനാൽ നിയമവ്യവസ്ഥ പാലിക്കാൻ തുടർനടപടി അത്യന്താപേക്ഷിതമാണ്.

## 1-11 ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതിന് തുടർനടപടി ഉണ്ടാകണം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 192(1) ാം വകുപ്പ് പ്രകാരം, ഓരോ പഞ്ചായത്തും ഓരോ വർഷവും സർക്കാർ നിർദ്ദേശിക്കുന്ന ഫോറത്തിൽ അപ്രകാരമുള്ള വിശദാംശങ്ങൾ സഹിതം അതിന്റെ ഭരണത്തെ സംബന്ധിച്ച ഒരു റിപ്പോർട്ട് ഈ വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കി തുടർന്നുവരുന്ന വർഷം സെപ്റ്റംബർ മുപ്പതാം തീയതിക്കകം പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത സമയപരിധിക്കുള്ളിൽ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്താത്ത പക്ഷം, അതിനുശേഷം പഞ്ചായത്തിന് നൽകാനുള്ള ഗ്രാന്റുകൾ സർക്കാരിന് തടഞ്ഞു വെയ്ക്കാവുന്നതുമാണ്. അതിനാൽ 2020-21 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണത്തെ സംബന്ധിച്ച ഒരു റിപ്പോർട്ട് ഇപ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം പരിശോധനക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.03/28.05.22) ലഭ്യമാക്കിയ മറുപടി പ്രകാരം ഇപ്രകാരം ഒരു റിപ്പോർട്ട് ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. അതിനാൽ നിയമവ്യവസ്ഥ പാലിക്കാൻ ബ്ലോക്ക് പഞ്ചായത്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 അസറ്റ് മാനേജ്മെന്റ് മാന്വൽ --- നിർദ്ദേശങ്ങൾ നടപ്പിലായില്ല

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 2020-21 വർഷത്തേക്ക് ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലായോ എന്നത് സംബന്ധിച്ച് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( എൻക്വയറി നം. 16തീ. 01.06.22) നൽകിയിരുന്നു.

1) ബ്ലോക്ക് പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിരുന്നോ? ഉണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം.

2) തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നോ? ഉണ്ടെങ്കിൽ വിശദവിവരം.

3) ബ്ലോക്ക് പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നോ? ഉണ്ടെങ്കിൽ വിവരം.

4) മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ബ്ലോക്ക് പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം(സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു.

ബ്ലോക്ക് പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പിലായത് സംബന്ധിച്ച് മറുപടി ലഭിച്ചിട്ടില്ലാത്തതാണ്. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപനരേഖയുടെ അഭാവത്തിലാണ് ബ്ലോക്ക് പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം(സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ പ്രവർത്തിച്ചതെന്നാണ് കാണുന്നത്. അസറ്റ് മാനേജ്മെന്റ് പ്ലാൻ ഉൾപ്പെടെയുള്ള ഒരു സമീപനരേഖ പഞ്ചായത്തിൽ അനിവാര്യമാകുന്ന ഒരു സാഹചര്യം താഴെ ചേർക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 29.01.18 ലെ സ.ഉ(കൈ)നം.11/18/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിലെ ഖണ്ഡിക 7.13(12) പ്രകാരം, ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന് ഇപ്രകാരമൊരു പ്രവർത്തനം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ വിവരിച്ച സാഹചര്യത്തിൽ അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ തുടർ നടപടി ഉറപ്പാക്കേണ്ടതും ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

## 1-13 ആസ്തികൾ നിഷ്ക്രിയാവസ്ഥയിൽ

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം താഴെ പറയുന്ന ആസ്തികൾ കാണുന്നു.

| | | |
|---|---|---|
| 108300106300000003 | കംഫർട്ട് സ്റ്റേഷൻ | 65ച.മീ |
| 10831005000000003 | വനിത തൊഴിൽ പരിശീലന കേന്ദ്രം | 108.73 ച.മീ |
| 10831005000000007 | വടക്കാഞ്ചേരി ബ്ലോക്ക് കമ്മ്യൂണിറ്റി ഹാൾ | 62ച.മീ |
| 10831005000000007 | വടക്കാഞ്ചേരി ബ്ലോക്ക് വിപണന കേന്ദ്രം | 84ച.മീ |

നിലവിൽ ഈ കെട്ടിടങ്ങളിൽ ഏതുതരം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.2019-20,2020-21 സാമ്പത്തിക വർഷങ്ങളിൽ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന് ഈ കെട്ടിടങ്ങളിൽ നിന്നും വാടക ഇനത്തിൽ വരുമാനമുണ്ടോ?എന്നിവയ്ക്ക് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 5/28.5.22 നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല.ആയതിനാൽ ആസ്തികൾ പ്രവത്തന ക്ഷമമാക്കി അവയുടെ ഉദ്ദേശ്യ ലക്ഷ്യം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-14 മണ്ണിന്റെ വാല്യൂവേഷൻ തെറ്റായി കണക്കാക്കി ലേലം ചെയ്തു

ഫയൽ നം.ഡി.ബി 2/18 തി.11.5.20 പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ബ്ലോക്ക് കാര്യാലയത്തിന്റെ പുതിയ കെട്ടിടത്തിന് മുൻവശത്തെ മണ്ണിന്റെ വാല്യൂവേഷൻ സെക്രട്ടറിയ്ക്ക് നൽകിയിട്ടുണ്ട്.വാല്യൂവേഷൻ പ്രകാരം 202.22 ഘനമീറ്റർ മണ്ണുണ്ട്.വാല്യൂവേഷൻ പ്രകാരം 202.22 ഘനമീറ്റർ മണ്ണിന് 30രൂപ/ഘനമീറ്റർ(as Per DAR Item No:0979-Royality For Good Earth)എന്ന നിരക്കിലാണ് മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. As Per DAR Item No:0979-Royality For

Good Earth നിരക്ക് 40രൂപ/ഘനമീറ്ററാണ്.Morth,MorD എന്നിവ പ്രകാരം മണ്ണിന്റെ (Earth)നിരക്ക് 169.71രൂപ/ഘന മീറ്ററാണ്.ആയതിനാൽ തെറ്റായ നിരക്ക് നൽകി വാല്യൂവേഷൻ നടത്തിയതിന് മറുപടി നൽകണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 28/2.6.22 നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല.ആയതിനാൽ 36,341/-രൂപ (202.22 X 209.71 – 202.22 X 30) ലേലത്തിന് വെച്ച മണ്ണ് മൂല്യനിർണ്ണയം നടത്തിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ഇപ്രകാരം കുറഞ്ഞ തുകയ്ക്ക് മൂല്യനിർണ്ണയം നടത്തി മണ്ണ് ലേലം ചെയ്യാൻ ഇടയായ സാഹചര്യം ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-15 രസീത് പുസ്തക പ്രകാരം പിരിച്ചെടുത്ത തുകകൾ ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അനുവദിച്ച രസീത് ബുക്ക് മുഖേന (ബുക്ക് നമ്പർ-862) 2019-20, 2020- 21 വർഷങ്ങളിൽ ടെണ്ടർ ഫീസ്, ജി.എസ്.ടി. എന്നീയിനങ്ങളിൽ താഴെ പറയുന്ന പ്രകാരം പണം പിരിച്ചെടുത്തിട്ടുണ്ട്.

| ക്രമ നമ്പർ | രസീത് നമ്പർ / തീയതി | ഇനം | തുക |
|---|---|---|---|
| 1 | 5/19.08.19 | ടെണ്ടർ ഫോം ഫീ | 800 |
| | | ജി.എസ്.ടി | 96 |
| 2 | 6/21.08.19 | ടെണ്ടർ ഫോം ഫീ | 800 |
| | | ജി.എസ്.ടി | 96 |
| 3 | 7/28.09.20 | ടെണ്ടർ ഫോം ഫീ | 800 |
| | | ജി.എസ്.ടി | 104 |
| 4 | 8/28.09.20 | ടെണ്ടർ ഫോം ഫീ | 800 |
| | | ജി.എസ്.ടി | 104 |

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് ചട്ടം 16(2) പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ പഞ്ചായത്തിന് വേണ്ടി കൈപ്പറ്റുന്ന തുകകൾ തൊട്ടടുത്ത ദിവസം തന്നെ പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്. എന്നാൽ മേൽ പട്ടിക പ്രകാരം പിരിച്ചെടുത്ത തുകകൾ ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കാതെ ബ്ലോക്ക് പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ- 713051400000008) 29.08.19, 28.09.20 എന്നീ തീയതികളിൽ നേരിട്ട് അടവാക്കുകയാണ് ചെയ്തിട്ടുള്ളത്. ആയത് ചട്ടപ്രകാരമല്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-16 വസ്തുനികുതി അടവാക്കിയത് തിരികെ ഈടാക്കേണ്ടതാണ്.

വൗച്ചർ നം.22000315 തി.8.10.20 പ്രകാരം ബ്ലോക്കിന്റെ ഉടമസ്ഥതയിലുള്ള കാന്റീനിന്റെ വസ്തുനികുതി 9372/- രൂപ അടവാക്കിയതായി കാണുന്നു.തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതാണ്.ആയതിനാൽ വസ്തുനികുതി അടവാക്കിയതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 31/ 2.6.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ അടവാക്കിയ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ചെക്ക് നം.1819772/9.2.21 പ്രകാരം പ്ലാനിംഗ് & മോണിറ്ററിംഗ് എക്സ്പെൻസിനായി 20,000/-രൂപ എക്സ്റ്റൻഷൻ ഓഫീസർ(വനിതാക്ഷേമം) എന്നവർക്ക് കൈമാറിയിട്ടുണ്ട്. സെക്രട്ടറിയുടെ ഉത്തരവിൽ തുക തനതുഫണ്ടിലേക്ക് റീക്രൂപ്പ് ചെയ്യണം എന്ന വ്യവസ്ഥയിലാണ് കൈമാറിയിട്ടുള്ളത്. ആയതിനാൽ ഈ തുക തിരികെ റിക്രൂപ്പ് ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (31/ 2.6.22 ) നൽകിയെങ്കിലും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 കാമധേനു ക്ഷീരോത്പാദനം - തൊഴുത്തിന് സബ്സിഡി- മൂല്യനിർണ്ണയ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയില്ല.

| പ്രൊജക്ടിന്റെ നമ്പറും പേരും | കാമധേനു ക്ഷീരോത്പാദനം (പ്രൊജക്ട് നമ്പർ- 122/21) | കാമധേനു ക്ഷീരോത്പാദനം(വനിത) (പ്രൊജക്ട് നമ്പർ- 138/21) |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജ്ജൻ | സീനിയർ വെറ്ററിനറി സർജ്ജൻ |
| പദ്ധതിക്കായി 2020-21 വർഷത്തിൽ ചെലവഴിച്ച തുക | 14,85,000/- (വികസന ഫണ്ട് - ജനറൽ)<br>വൌച്ചർ നം തുക<br>22000565/11.01.21 55000<br>22000566/11.01.21 110000 | 5,50,000/- (വികസന ഫണ്ട് - ജനറൽ)<br>വൌച്ചർ നം. തുക<br>22000564/11.01.21 165000<br>22000585/25.01.21 55000 |

| | | |
|---|---|---|
| 22000567/12.01.21 55000 | | |
| 22000643/24.02.21 55000 | | |
| 22000644/24.02.21 110000 | | |
| 22000645/24.02.21 55000 | | |
| 22000646/24.02.21 55000 | | |
| 22000647/24.02.21 165000 | | |
| 22000648/24.02.21 55000 | | |
| 22000661/10.03.21 55000 | 22000705/30.03.21 165000 | |
| 22000662/10.03.21 55000 | 22000702/30.03.21 55000 | |
| 22000698/30.03.21 55000 | 22000703/30.03.21 55000 | |
| 22000700/30.03.21 110000 | 22000699/30.03.21 55000 | |
| 22000701/30.03.21 110000 | | |
| 22000704/30.03.21 55000 | | |
| 22000706/30.03.21 55000 | | |
| 22000707/30.03.21 55000 | | |
| 22000708/30.03.21 55000 | | |
| 22000709/30.03.21 110000 | | |
| 22000710/30.03.21 55000 | | |

താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് തൊഴുത്ത് നിർമ്മാണം / നവീകരണം നടത്തിയതിന് ധനസഹായമായി 25,000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഫയലുകളിൽ ബന്ധപ്പെട്ട അസി.എഞ്ചിനീയറുടെ മൂല്യ നിർണ്ണയ സാക്ഷ്യപത്രം സൂക്ഷിച്ചിട്ടില്ല.

1. ലീല, പണ്ടാരത്തിൽപ്പടി പല്ലൂർ, കൊണ്ടയൂർ

2. പി.വി. ഗോപാലകൃഷ്ണൻ, പാട്ടാരെ ഹൗസ്, എരുമപ്പെട്ടി

3. സുരേഷ് ശങ്കർ പി.കെ, പൂപ്പറമ്പിൽ ഹൗസ്, മുള്ളൂർക്കര

4. ഗീത, കൊട്ടപുളിക്കൽ ഹൗസ്, എരുമപ്പെട്ടി

ആയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (23/02.06.22) ന് മറുപടി ലഭ്യമാക്കിയില്ല. മൂല്യ നിർണ്ണയ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നത് വരെ ധനസഹായമായി അനുവദിച്ച 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 സീനിയർ വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികൾ - പൊതു അപാകതകൾ

2020-21 വർഷത്തിൽ വെറ്ററിനറി സർജൻ നടപ്പാക്കിയ കാമധേനു ക്ഷീരോത്പാദനം, കാമധേനു ക്ഷീരോത്പാദനം (വനിത) എന്നീ പദ്ധതികൾ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ ലഭ്യമാക്കിയാണ് നടപ്പാക്കിയിരിക്കുന്നത്. പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം (സ.ഉ.(കൈ)നം.11/2018/തസ്വഭവ. തീയതി.29.01.2018) വായ്പാബന്ധിത പ്രൊജക്ടുകളിൽ ബാക്ക് എൻഡഡ് സബ്സിഡി നൽകുന്ന രീതിയാണ് അവലംബിക്കേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതായത് ഗുണഭോക്തൃവിഹിതമൊഴികെയുള്ള മുഴുവൻ തുകയും ബാങ്ക് ഗുണഭോക്താക്കൾക്ക് ലോൺ ആയി അനുവദിക്കുകയും ലോൺ അടച്ച് കഴിയുമ്പോൾ മാത്രം പഞ്ചായത്ത് ബാങ്കിന് അനുവദിച്ച സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുകയുമാണ് ചെയ്യേണ്ടത്. ഈ അക്കൗണ്ടിൽ നിന്നാണ് പശുക്കളെ വിൽക്കുന്നയാളുടെ ബാങ്ക് അക്കൗണ്ടിലേക്ക് പശുവിന്റെ വിലയായ മുഴുവൻ തുകയും കൈമാറി നൽകേണ്ടത്.

എന്നാൽ ഏതാനം ഗുണഭോക്താക്കളുടെ ലോൺ അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കിയതനുസരിച്ച് സബ്സിഡി വിഹിതമൊഴികെയുള്ള ലോൺ തുകയായ 90,000/- രൂപ മാത്രം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടുകയും ഗുണഭോക്താവ് ആയത് പിൻവലിച്ച് വിൽക്കുന്നയാളിന് തുക നേരിട്ട് നൽകുകയുമാണ് എന്നാണ് മനസ്സിലാകുന്നത്. തുടർന്ന് പഞ്ചായത്ത് അനുവദിക്കുന്ന 55,000/- രൂപ ധനസഹായം ബാങ്ക് ഈ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുകയും ഗുണഭോക്താക്കൾ ലോണിൽ അവശേഷിക്കുന്ന 35,000/- രൂപ മാത്രം തിരികെ അടയ്ക്കുകയും ചെയ്യുന്നു. ഇപ്രകാരം ചെയ്യുന്നതിനാൽ ഗുണഭോക്താക്കളിൽ നിന്നും കരാർലംഘനം ഉണ്ടാകുന്ന പക്ഷം അനുവദിച്ച ധനസഹായം തിരികെ ഈടാക്കാൻ സാധിക്കാതെ വരുന്നു. മാത്രമല്ല പശുവിനെ വിൽക്കുന്ന ആളുമായുള്ള പണമിടപാടുകൾ ബാങ്ക് അക്കൗണ്ടിലൂടെ അല്ലാത്തതിനാൽ ഇടപാടുകളിലെ സുതാര്യത ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല.

ഭാവിയിൽ അപാകതകൾ ഒഴിവാക്കേണ്ടതും വായ്പാബന്ധിത പദ്ധതികൾ സർക്കാർ ഉത്തരവുകൾക്കനുസൃതമായി മാത്രം നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ഹാജരാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടിക ജാതി വികസന ഓഫീസർ
പ്രൊജക്ട് നം. SO 149/2021, പ്രീമെട്രിക് ഹോസ്റ്റലിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ
ചെലവ് തുക - 96,205/- (ഫണ്ട് - എസ്.സി.പി)
വൗച്ചർ നം. 22000152/12.04.2020, തുക - 96,205/-
മേൽ പ്രൊജക്ടിൽ 6 കട്ടിൽ, 2 സ്റ്റീൽ അലമാര, ഒരു കമ്പ്യൂട്ടർ ടേബിൾ, ഒരു കമ്പ്യൂട്ടർ ചെയർ എന്നിവ കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും ഇൻവോയ്സ് നമ്പർ KADCO/CRO/SAL/403/19-20, തീ.12.03.2020 പ്രകാരം വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 8/28.05.2022 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

സ്റ്റോക്ക് വിവരങ്ങൾ ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 96,205/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 ലൈഫ് എസ്.സി ഗുണഭോക്താക്കൾക്ക് വീട് വയ്ക്കുന്നതിന് സ്ഥലം വാങ്ങൽ - ആധാരത്തിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – പട്ടിക ജാതി വികസന ഓഫീസർ

പ്രൊജക്ട് നം. SO 105/21, ലൈഫ് എസ്.സി ഗുണഭോക്താക്കൾക്ക് വീട് വയ്ക്കുന്നതിന് സ്ഥലം വാങ്ങൽ. ചെലവ് തുക – 22,50,000/-

വൗച്ചർ നം. 22000651/26.02.2021, തുക – 4,50,000/- (S.C.P)

വൗച്ചർ നം. 22000652/26.02.2021, തുക – 2,25,000/- (S.C.P)

വൗച്ചർ നം. 22000653/26.02.2021, തുക – 2,25,000/- (S.C.P)

വൗച്ചർ നം. 22000654/26.02.2021, തുക – 2,25,000/- (S.C.P)

വൗച്ചർ നം. 22000656/08.03.2021, തുക – 2,25,000/- (S.C.P)

വൗച്ചർ നം. 22000666/23.03.2021, തുക – 2,25,000/- (S.C.P)

വൗച്ചർ നം. 22000680/25.03.2021, തുക – 4,50,000/- (S.C.P)

വൗച്ചർ നം. 22000691/29.03.2021, തുക – 2,25,000/- (G.P.G)

മേൽ പ്രൊജക്ടിൽ പത്ത് ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങുന്നതിനായി 2,25,000/- രൂപ വീതം നൽകിയിട്ടുണ്ട്. ഇവരിൽ ഇന്ദിര ഉണ്ണികൃഷ്ണൻ, ഗ്രീഷ്മ രാജേഷ് എന്നിവരൊഴികെയുള്ള എട്ട് ഗുണഭോക്താക്കളും (അനിൽകുമാർ.പി.സി, ശ്രീനീഷ്.യു, ജിഗീഷ്, രമേഷ്.പി.ആർ, അനൂപ്.ടി.എ, സിജീഷ്, അനിത, ജിൻസി.കെ.ജെ എന്നിവർ) സ്ഥലം സ്വന്തം പേരിലേക്ക് രജിസ്റ്റർ ചെയ്ത ആധാരത്തിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല. പത്ത് ഗുണഭോക്താക്കൾക്കുമുള്ള തുക സ്ഥലമുടമയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയതിന്റെ യു.ടി.ആർ സ്റ്റേറ്റ്മെന്റും ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 8/28.05.2022 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.
ആധാരത്തിന്റെ പകർപ്പ്, യു.ടി.ആർ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 22,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-22 എസ്.സി.പെൺകുട്ടികൾക്ക് വിവാഹ ധനസഹായം - മുഴുവൻ അപേക്ഷകളും ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – പട്ടിക ജാതി വികസന ഓഫീസർ

പ്രൊജക്ട് നം. 28/21, എസ്.സി.പെൺകുട്ടികൾക്ക് വിവാഹ ധനസഹായം. ചെലവ് തുക – 7,50,000/-

വൗച്ചർ നം. 22000575/14.01.2021, തുക – 5,25,000/-

വൗച്ചർ നം. 22000614/09.02.2021, തുക – 75,000/-

വൗച്ചർ നം. 22000626/12.02.2021, തുക – 1,50,000/-

മേൽ പ്രൊജക്ടിൽ പത്ത് ഗുണഭോക്താക്കൾക്ക് 75,000/- രൂപ വീതം വിവാഹ ധനസഹായം നൽകിയിട്ടുണ്ട്. ഇവയിൽ ഷീല കൃഷ്ണൻകുട്ടി, സുധ.ആർ, ശോഭന, വേശുട്ടൻ.എം.എ എന്നീ നാല് ഗുണഭോക്താക്കളുടെ അപേക്ഷയും മറ്റ് വിവരങ്ങളും ഹാജരാക്കിയിട്ടില്ല. പത്ത് ഗുണഭോക്താക്കൾക്കുമുള്ള തുക അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയതിന്റെ യു.ടി.ആർ സ്റ്റേറ്റ്മെന്റ് ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 8/28.05.2022 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.
അപേക്ഷകൾ, യു.ടി.ആർ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 7,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി - മുഴുവൻ രേഖകളും ഹാജരാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – പട്ടിക ജാതി വികസന ഓഫീസർ

പ്രൊജക്ട് നം. 18/21, എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി, ചെലവ് തുക – 6,25,000/-

വൗച്ചർ നം. 22000613/09.02.2021, തുക – 1,00,000/-

വൗച്ചർ നം. 22000634/17.02.2021, തുക – 1,50,000/-

വൗച്ചർ നം. 22000659/08.03.2021, തുക – 75,000/-

വൗച്ചർ നം. 22000665/20.03.2021, തുക – 1,50,000/-

വൗച്ചർ നം. 22000679/24.03.2021, തുക – 75,000/-

വൗച്ചർ നം. 22000692/29.03.2021, തുക – 75,000/-

മേൽ പ്രൊജക്ടിൽ അഞ്ച് ഗുണഭോക്താക്കൾക്ക് (ശ്രീലേഖ.എം.കെ, സുമോദ്.സി, രാധിക.കെ.ആർ, സാന്ദ്ര.എം, അർജ്ജുൻ.പി.എസ് എന്നിവർ) രണ്ട് ഗഡുക്കളായി 1,25,000/- രൂപ വീതം നൽകിയിട്ടുണ്ട്. ഇവയുടെ യു.ടി.ആർ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. പഠനമുറി നിർമ്മിക്കുന്നതിന്റെ പ്ലാൻ, എസ്റ്റിമേറ്റ്, കെട്ടിടനിർമ്മാണ പെർമിറ്റ് എന്നിവയും അസി.എഞ്ചിനീയർ വാല്യുവേഷൻ കണക്കാക്കിയതിന്റെ വിവരങ്ങളും ഹാജരാക്കിയിട്ടില്ല. A.E തുക മാത്രം രേഖപ്പെടുത്തിയ Valuation Certtificate ആണ് ഹാജരാക്കിയിട്ടുള്ളത്. അർജ്ജുൻ.പി.എസ്, പാലിശ്ശേരി വീട്, മണലിത്തറ എന്ന ഗുണഭോക്താവിന് ഗ്രാമപഞ്ചായത്തിൽ നിന്നും ധനസഹായം ലഭ്യമായിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 8/28.05.2022 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.
മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 6,25,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 പട്ടിക ജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി ടെലിവിഷൻ വിതരണം ചെയ്യൽ - 3,69,180/- രൂപയുടെ ടാക്സ് ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – പട്ടിക ജാതി വികസന ഓഫീസർ

പ്രൊജക്ട് നം. 115/21, പട്ടിക ജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി ടെലിവിഷൻ വിതരണം ചെയ്യൽ.

ചെലവ് തുക – 12,48,180/-
വൗച്ചർ നം. 22000533/30.10.2020, തുക – 8,79,000/-
വൗച്ചർ നം. 22000557/29.12.2020, തുക – 3,69,180/-
142 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനായി LED ടിവികൾ വാങ്ങുന്നതിന് മേൽ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.
ഈ പ്രൊജക്ട് നടപ്പാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.
1) ആദ്യ ടെണ്ടറിൽ പങ്കെടുത്ത് 9,000/- രൂപയ്ക്ക് ഓഫർ നൽകിയ Cloud 9 Contracting എന്ന സ്ഥാപനത്തിന് 24.05.2020 തീയതിയിലെ ഭരണസമിതി തീരുമാനം നം.5.1 പ്രകാരം ടെണ്ടർ അംഗീകരിച്ച് നൽകിയിരുന്നു. എന്നാൽ പ്രസ്തുത സ്ഥാപനം കരാറിലെർപ്പെടാതെ പിന്മാറുന്നതായി ഇ-മെയിൽ മുഖാന്തിരം അറിയിക്കുകയാണുണ്ടായത്. തുടർന്ന് റീടെണ്ടർ നടത്തുകയും R.J.Enterprises, Kottayam എന്ന സ്ഥാപനത്തിന് ടെണ്ടർ അംഗീകരിച്ച് നൽകുകയുമാണുണ്ടായത്. ഈയവസരത്തിൽ മേൽ സൂചിപ്പിച്ച Cloud 9 Contracting എന്ന സ്ഥാപനത്തിനെതിരെ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. ബിഡ് പിരീഡ് ആയ 30 ദിവസത്തിനകം തന്നെ സ്ഥാപനം പിന്മാറിയതിനാൽ സ്ഥാപനം അടവാക്കിയ E.M.D തുക കണ്ട് കെട്ടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അറിയിച്ചിട്ടില്ല.
E.M.D തുക കണ്ട് കെട്ടേണ്ടതും സ്ഥാപനത്തിനെതിരെ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.
2) റീടെണ്ടർ നടത്തിയത് പ്രകാരം R.J.Enterprises, Kottayam എന്ന സ്ഥാപനം 8,790/- രൂപയ്ക്ക് LED ടി.വി വിതരണം ചെയ്യുന്നതിന് കരാറിലേർപ്പെട്ടിരുന്നു. ഇത് പ്രകാരം 100 ടി.വി യുടെ തുകയായ 8,79,000/- രൂപയുടെ ടാക്സ് ഇൻവോയ്സ് മാത്രമാണ് ഫയലിൽ ഹാജരാക്കിയിട്ടുള്ളത്. ബാക്കി തുകയുടെ ബിൽ ഹാജരാക്കിയിട്ടില്ല. 142 ടി.വി സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങളും ഹാജരാക്കിയിട്ടില്ല. 42 ടി.വി യുടെ തുകയായ 3,69,180/- രൂപയുടെ ടാക്സ് ഇൻവോയ്സ് ഹാജരാക്കാത്തതിനാൽ പ്രസ്തുത ചെലവ് തുകയായ 3,69,180/- രൂപ തടസ്സപ്പെടുത്തുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 8/28.05.2022 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

## 1-25 മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

എരുമപ്പെട്ടി സി.എച്ച്.സി സൂപ്രണ്ട് നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ താഴെ ചേർക്കുന്നു.
1) പ്രൊജക്ട് നം. 49/21, സി.എച്ച്.സി എരുമപ്പെട്ടിയിലേക്ക് മരുന്ന് വാങ്ങൽ
ചെലവ് തുക – 32,888/- (മെയിന്റനൻസ് ഫണ്ട് നോൺ-റോഡ്)
വൗച്ചർ നമ്പർ – 22000620/10.02.2021, തുക – 32,888
പ്രൊഫോർമ ഇൻവോയ്സ് നം. PRF 5088 പ്രകാരം മരുന്നിനായി KMSCL ന് മേൽ തുക കൈമാറിയിട്ടുണ്ട്. മരുന്ന് ലഭ്യമാക്കിയതിന്റെ ഒറിജിനൽ ടാക്സ് ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല. മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതും അല്ലാത്ത പക്ഷം മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

2) പ്രൊജക്ട് നം. 56/21, സെക്കന്ററി പാലിയേറ്റീവ് പരിപാടി
ചെലവ് തുക – 1,35,500/- (വികസന ഫണ്ട് – ജനറൽ)
വൗച്ചർ നമ്പർ – 22000534/04.11.2020, തുക – 26,070
വൗച്ചർ നമ്പർ – 22000552/23.12.2020, തുക – 20,360
വൗച്ചർ നമ്പർ – 22000569/13.01.2021, തുക – 21,310
വൗച്ചർ നമ്പർ – 22000616/09.02.2021, തുക – 23,330
വൗച്ചർ നമ്പർ – 22000672/23.03.2021, തുക – 18,180
വൗച്ചർ നമ്പർ – 22000683/27.03.2021, തുക – 26,250
ഹോം കെയർ വാഹനത്തിന്റെ ഉടമയുമായി ചമച്ചിട്ടുള്ള കരാർ ഹാജരാക്കിയിട്ടില്ല. വാഹന ഉടമയുമായുള്ള കരാർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3) പ്രൊജക്ട് നം. 32/21, സി.എച്ച്.സി എരുമപ്പെട്ടിയുടെ ദൈനംദിന ചെലവുകൾ
ചെലവ് തുക – 2,57,552/- (മെയിന്റനൻസ് ഫണ്ട് നോൺ-റോഡ്)
വൗച്ചർ നമ്പർ – 22000524/08.10.2020, തുക – 39,484
വൗച്ചർ നമ്പർ – 22000546/03.12.2020, തുക – 23,405
വൗച്ചർ നമ്പർ – 22000571/13.01.2021, തുക – 40,787
മേൽ വൗച്ചറുകളിൽ KL-01/AD-5294 വാഹനത്തിന് ഡീസൽ നിറച്ചതിന്റെ തുക (യഥാക്രമം 7,875/-, 11,150/-, 2693/- എന്നിവ) കൂടി ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവയുടെ ബില്ലുകൾ ഹാജരാക്കിയിട്ടില്ല. ബില്ലുകൾ ഹാജരാക്കാത്തതിനാൽ ആയതിന്റെ ചെലവ് തുകയായ 21,718/- രൂപ തടസ്സപ്പെടുത്തുന്നു.
വൗച്ചർ നമ്പർ 22000548/03.12.2021 പ്രകാരം 8,190/- രൂപ മേൽ വാഹനത്തിന്റെ ഇൻഷ്വറൻസിനായി ജില്ലാ ഇൻഷ്വറൻസ് ഓഫീസർക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ രശീതിയും ഹാജരാക്കിയിട്ടില്ല. പ്രസ്തുത രശീതി ഹാജരാക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 22/01.06.2022)

3) പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ 2015, ജി.ഒ (ആർ.ടി) 3217/2015, ത.സ്വ.ഭ.വ, തീ.29.10.2015 ഖണ്ഡിക 2.3.2 പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 17.02.2020 ന് ശേഷം 14.09.2021 തീയതിയിൽ മാത്രമാണ് സി.എച്ച്.സി പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത്. സമൂഹത്തിൽ ഏറ്റവും അവശത അനുഭവിക്കുന്നതും അതിയായ ശ്രദ്ധ അർഹിക്കുന്നതുമായ രോഗികളുടെ പരിചരണത്തിനായി സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപിതമായിട്ടുള്ളതും അത്യാവശ്യ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമായ മാനേജ്മെന്റ് കമ്മിറ്റി വർഷത്തിൽ ഒരിക്കൽപോലും യോഗം ചേരുന്നില്ലായെന്നത് അടിയന്തിര ശ്രദ്ധ അർഹിക്കുന്നതും മാർഗ്ഗരേഖയ്ക്ക് അനുസരിച്ച് തുടർനടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-26 ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലും, കൈമാറി കിട്ടിയ സ്ഥാപനങ്ങളിലേയ്ക്കും കംമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ - രണ്ടു കമ്പ്യൂട്ടറുകൾ നാളിതു വരെ വിതരണം ചെയ്തിട്ടില്ല. കൂടാതെ വിതരണം ചെയ്ത കമ്പ്യൂട്ടറുകൾക്കായി അധികം നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്

പ്രോജക്ട് നമ്പർ:123/21 - ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലും, കൈമാറി കിട്ടിയ സ്ഥാപനങ്ങളിലേയ്ക്കും കംമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ഇന്റർ-കോം സ്ഥാപിക്കൽ

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രോജക്ടിൽ നാല് ഡെസ്ക്-ടോപ്പ് കമ്പ്യൂട്ടറുകൾ വിതരണം ചെയ്യുന്നതിനായി ₹1,80,826/- വൗച്ചർ നം. 22000695/29.03.21ന് കേരള സ്റ്റേറ്റ് ഐ.ടി.മിഷന് (കെൽട്രോൺ) നല്കിയിട്ടുണ്ട്. ആയതിൽ രണ്ടു കമ്പ്യൂട്ടറുകളാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്. ഇവയുടെ പ്രൊഫോർമ ഇൻവോയ്സ് 26208/29.03.21 പ്രകാരം രണ്ടു കമ്പ്യൂട്ടറുകളുടെ വില ₹79594/-ആണ് എന്നാൽ ടാക്സ് ഇൻവോയ്സ് പ്രകാരം PYS 121015219/20.07.2021 പ്രകാരം രണ്ടു കമ്പ്യൂട്ടറുകളുടെ വില ₹76532.44/- ആണ് . അധികം നല്കിയ തുകയായ ₹3062/- തിരികെ ലഭിയ്ക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ മറ്റു രണ്ടു കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരവും, ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.ഇതു സംബന്ധിച്ച നല്കിയ 14/01.06.2022 നമ്പർ എൻക്വയറിയ്ക്ക് മറുപടി നല്കിയിട്ടില്ലാത്തതാണ്.

## 1-27 ബ്ലോക്ക് ഓഫീസ് പുതിയ കെട്ടിടം ഫർണിഷിങ്ങ് - അപാകതകൾ

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ 58/21 ബ്ലോക്ക് ഓഫീസ് പുതിയ കെട്ടിടം ഫർണിഷിങ്ങ് പ്രോജക്ടിൽ പുതിയ ഓഫീസ് കെട്ടിടം ഫർണിഷിംഗ് ചെയ്യുന്നതിനായി വികസനഫണ്ട് -പൊതുവിഭാഗത്തിൽ നിന്നും വൗച്ചർ നം.22000506/25.08.20 തുക:₹6,35,000/- ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നും വൗച്ചർ നം.22000508/25.08.20 തുക:₹23,65,000/- എന്നിങ്ങനെ ആകെ മുപ്പത് ലക്ഷം രൂപ ആർട്ട്കോ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. 08.06.2020ന് ആർട്കോയുമായുള്ള കരാർ ഉടമ്പടി ഖണ്ഡിക 1(b)യിൽ ഗ്യാരണ്ടി കാലയളവ് പരാമർശിക്കുന്ന ഭാഗം പൂരിപ്പിച്ചിട്ടില്ല. 01.07.2020ന് സ്ഥാപനം മാനദണ്ഡങ്ങൾ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചതായി മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് നല്കിയതിന്റെ അടിസ്ഥാനത്തിലാണ് മേൽ തുക കൈമാറിയതായി ഫയലിൽ കാണുന്നത്.

18.05.2022ലെ B-550/20നമ്പർ പ്രകാരം നിലവിൽ മേൽ പ്രവൃത്തി പ്രകാരം പൂർത്തീകരിച്ച റാക്കുകളെല്ലാം ചിതലും, പൂപ്പലും മൂലം നശോന്മുഖമാകുകയും, അവയിൽ സൂക്ഷിച്ച ഫയലുകളും രേഖകളും നശിച്ചുപോകുന്ന അവസ്ഥയിലാണെന്നും, ഇക്കാര്യം പല പ്രാവശ്യം ശ്രദ്ധയിൽ പെടുത്തിയിട്ടും നടപടികളൊന്നും സ്വീകരിച്ചില്ലെന്നും, ഈ അവസ്ഥയ്ക്ക് അടിയന്തിര പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് ആർട്കോ ലിമിറ്റഡ്, തൃശ്ശൂർ സോണൽ ബ്രാഞ്ച് മാനേജർക്ക് കത്തയയച്ചിട്ടുണ്ട്. ആയതിന്റെ തുടർവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മുപ്പത് ലക്ഷം രൂപയോളം ചെലവിട്ട പദ്ധതി പൂർത്തീകരിച്ച് ഒരുവർഷക്കാലമാകുമ്പോഴേയ്ക്കും തീർത്തും ഉപയോഗശൂന്യമായിരിക്കുന്നു. ജീവനക്കാർക്ക് ജോലിചെയ്യാൻ ആവാത്ത വിധത്തിലുള്ള ആരോഗ്യപ്രശ്നങ്ങൾ പോലും സൃഷ്ടിക്കുന്ന വിധത്തിലാണ് ഈ നിർമ്മാണ പ്രവൃത്തി ഓഫീസിൽ നിലനല്കുന്നത്. കരാർ ഉടമ്പടിയിൽ പ്രവൃത്തിയുടെ ഗ്യാരന്റി കാലയളവ് രേഖപ്പെടുത്താതെ പോയത് ഗുരുതരമായ വീഴ്ചയാണ്. ഈ അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനുള്ള അടിയന്തിര നടപടിയ്ക്കായി ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറി നം.13/28.05.2022ന് മറുപടി നല്കിയിട്ടില്ലാത്തതാണ്.

## 1-28 ബ്ലോക്ക് ഓഫീസിൽ സോളാർ വൈദ്യുതീകരണം - പത്ത് ലക്ഷം മുൻകൂർ നല്കിയിട്ടും പദ്ധതി നടപ്പിലായില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് നം.10/21 ബ്ലോക്ക് ഓഫീസിൽ സോളാർ വൈദ്യുതീകരണം എന്നതിന് പത്ത് ലക്ഷം വൗച്ചർ നമ്പർ 22000541/11.11.2020 പ്രകാരം അനർട്ടിൽ മുൻകൂറായി ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതാണ്. 02.11.2020ലെ കരാർ ഉടമ്പടി ഖണ്ഡിക:4 പ്രകാരം, തുക അനർട്ടിൽ ഡെപ്പോസിറ്റ് ചെയ്ത തീയതി മുതൽ ആറ് മാസത്തിനുള്ള അനർട്ട് പദ്ധതി നിർവ്വഹണം പൂർത്തീകരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. പണമടവാക്കി ഒന്നര വർഷക്കാലമായിട്ടും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പദ്ധതി പൂർത്തീകരിയ്ക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് ബ്ലോക്ക് ഓഫീസിൽ നിന്നും അനർട്ടുമായി കത്തിടപാട് നടത്തിയതായി ഫയലിൽ ഉണ്ട്. പ്രവൃത്തി പൂർത്തീകരിക്കാത്തതിന്റെ കാരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച നല്കിയ 12/28.05.22 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയിട്ടില്ല.

## 1-29 വി.ഇ.ഓ.മാർക്ക് ലാപ്ടോപ്പ് വാങ്ങൽ തുക അടവാക്കിയിട്ട് ഒരുവർഷക്കാലമായിട്ടും, ലാപ്ടോപ്പ് വിതരണം ചെയ്തിട്ടില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വി.ഇ.ഓ.മാർക്ക് ലാപ്ടോപ്പ് വാങ്ങൽ (പ്രോജക്ട് നം.131/21) എന്ന പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ഐ.ടി. മിഷനിൽ അഞ്ച് ലാപ്ടോപ്പുകളുടെ വിലയായി ₹1,56,400/- തനതുഫണ്ടിൽ (ചെക്ക് നം.3493118/29.03.21, വൗച്ചർ നം.22000472/29.03.21) നിന്നും നല്കിയിട്ടുണ്ട്. തുക അടവാക്കി ഒരു വർഷക്കാലമായിട്ടും ലാപ്ടോപ്പ് വിതരണം ചെയ്യാത്ത സാഹചര്യത്തിൽ മേൽ തുക തിരികെ ആവശ്യപ്പെട്ടുകൊണ്ട് 16.04.2022ന് B.751/2020 പ്രകാരം ജനറൽ മാനേജർ കെൽട്രോൺ, വെള്ളയമ്പലം, തിരുവനന്തപുരത്തിന് കത്തയച്ചിട്ടുള്ളതാണ്. ലാപ്ടോപ്പ് ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിന്റെ തുടർവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/28.05.22-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-30 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ -പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്

2020-21 വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടിന്റെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്ട് വിശദാംശം | ഫണ്ട് | നിർവ്വഹണ ഏജൻസി | വൗച്ചർ നം. | തുക |
|---|---|---|---|---|---|
| 1 | 79/20ഐകെഎം ന് തുക കൈമാറൽ | വികസനഫണ്ട്-പൊതു വിഭാഗം | IKM | 22000513/ 07.09.20 | 53694 |
| | | | | 22000630/ 15.02.20 | 187169 |
| ആകെ | | | | | 240863 |

നിർവ്വഹണ ഏജൻസിയിൽ നിന്ന് പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിന് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.10/28.05.22)

## 1-31 എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് വാഹനം വാടകക്കെടുക്കൽ - വാടകയിനത്തിൽ അധിക തുക നല്കി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പാക്കിയ , എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് വാഹനം വാടകക്കെടുക്കൽ എന്ന പ്രോജക്ട് പ്രകാരം 2019-20 (പ്രോജക്ട് നം.81/20) വർഷത്തിൽ തനത് ഫണ്ടിൽ നിന്നും₹2,46,968/-യും, 2020-21 (പ്രോജക്ട് നം.3/21) വർഷത്തിൽ ₹3,53,561/-യും ചെലവഴിച്ചിട്ടുണ്ട്.

12.07.2019ലെ കരാർ ഉടമ്പടി നമ്പർ 1/AEE/LSGD/WKY/2019 , 23.07.2020-ലെ കരാർ ഉടമ്പടി നമ്പർ 1/AEE/LSGD/WKY/20-21 പ്രകാരം റിൻഷാദ്.എം.ഐ., മങ്കുന്നത്ത് ഹൗസ്, എങ്കക്കാട്-പി.ഓ. മാരാത്തുക്കുന്ന് എന്നവരുടെ വാഹനമാണ് കരാർ തീയതി മുതൽ ഓരോ വർഷത്തേയ്ക്ക് ഉപയോഗപ്പെടുത്തിയിരുന്നത് (12.07.2019 മുതൽ 22.07.2021 വരെ). കരാർ പ്രകാരം പ്രതിമാസ വാടക വാഹനത്തിന്റെ എല്ലാ ചെലവുകളും ഉൾപ്പെടെ ₹29,000/-യാണ്.

മേൽ കരാർ ഉടമ്പടി ഖണ്ഡിക:5 പ്രകാരം വണ്ടിയുടെ ലോഗ് ബുക്ക് ഓഫീസറുടെ നിയന്ത്രണത്തിൽ സൂക്ഷിക്കേണ്ടതും, യാത്ര സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

കരാർ ഉടമ്പടി ഖണ്ഡിക:4 പ്രകാരം പ്രതിമാസം 1500 കിലോമീറ്ററിൽ കുറയാത്ത ട്രിപ്പുകൾ ഉണ്ടായിരിക്കുന്നതാണെന്നും, അധിക നിരക്ക് കണക്കാക്കുന്നത് മൂന്ന് മാസം ആകെ സഞ്ചരിച്ച ദൂരം ഒരു ബ്ലോക്കായി തിരിച്ച് 4500 കിലോമീറ്റർ അധികരിക്കുമ്പോഴാണ്. ഇപ്രകാരം അധികരിച്ച ഓരോ കിലോമീറ്ററിനും ക്വാട്ട് ചെയ്ത ₹14/- നിരക്കിലായിരിക്കും വാടക കണക്കാക്കുകയെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 2020 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ എന്നീ മാസങ്ങളിൽ അധികരിച്ച 1099 കിലോമീറ്ററിന് ₹14/- നിരക്കിൽ ₹15,386/- വൗച്ചർ നം.22000250/10.08.20 പ്രകാരം നല്കിയിട്ടുണ്ട്. എന്നാൽ ലോഗ് ബുക്ക് പരിശോധിച്ചതിൽ 21.01.2020 മുതൽ 20.02.2020 വരെ ഒരു മാസ കാലയളവിൽ 1226 കിലോമീറ്ററും, 21.02.2020 മുതൽ 20.03.2020 വരെ ഒരു മാസ കാലയളവിൽ 1139 കിലോമീറ്ററും, 21.03.2020 മുതൽ 20.04.2020 വരെ ഒരു മാസ കാലയളവിൽ 2,762 കിലോമീറ്ററും ഉൾപ്പെടെ ആകെ 5127 കിലോമീറ്ററാണ് സഞ്ചരിച്ചിട്ടുള്ളത്. അധികരിച്ച കിലോമീറ്ററായ 627 (5127 – 4500) കിലോമീറ്ററിന് ₹14/- നിരക്കിൽ നല്കേണ്ട തുക ₹8778/- മാത്രമാണ്. എന്നാൽ മേൽ കാണിച്ച പ്രകാരം ഈ ഇനത്തിൽ ₹15,386/- റിൻഷാദ്.എം.ഐ., മങ്കുന്നത്ത് ഹൗസ്, എങ്കക്കാട് പി.ഓ., മാരാത്തുക്കുന്ന് എന്നവർക്ക് അനുവദിച്ച നല്കിയിട്ടുണ്ട്. അധികമനുവദിച്ച ₹6,608/- തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.32/02.06.2022)

## 1-32 ക്വട്ടേഷൻ നടപടികൾ ഇല്ലാതെ വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നു

1.2020-21 സാമ്പത്തിക വർഷത്തിൽ ക്വട്ടേഷൻ നടപടികൾ ഇല്ലാതെ വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തിയതായി കാണുന്നു

| വൗച്ചർ നം | തിയ്യതി | തുക |
|---|---|---|
| 22000440 | 17.8.20 | 15,880/- |
| 22000248 | 17.8.20 | 21290 |

ക്വട്ടേഷൻ നടപടികൾ ഇല്ലാതെ വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തിയതിന് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 3/ 2.6.22 നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല.ആയതിനാൽ വാഹനങ്ങളുടെ 10,000/- മുകളിൽ വരുന്ന അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുമ്പോൾ ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.ക്വട്ടേഷൻ ഇല്ലാതെ വാഹനത്തിന്റെ ടയർ വാങ്ങി

ചെക്ക് നം.0719976 തി.19.10.20 പ്രകാരം 24000/-രൂപ ടയർ വാങ്ങിയ ഇനത്തിൽ ഉഷസ് ടയേഴ്സ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.ക്വട്ടേഷൻ നടപടി ക്രമങ്ങളിലൂടെ ഈ സ്ഥാപനത്തെ തെരെഞ്ഞെടുത്തത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (3/ 2.6.22) നൽകിയെങ്കിലും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. 15,000/- മുകളിൽ വരുന്ന സാധന/സാമഗ്രികൾ വാങ്ങുമ്പോൾ ക്വട്ടേഷൻ നടപടികൾ

സ്വീകരിക്കേണ്ടതാണെന്ന വ്യവസ്ഥ കർശനമായും പാലിക്കേണ്ടതാണ്.

## 1-33 അനുവദനീയമായതിലധികം തുക ധനസഹായം അനുവദിച്ചു.

| പ്രൊജക്ടിന്റെ നമ്പറും പേരും | കാമധേനു ക്ഷീരോത്പാദനം (പ്രൊജക്ട് നമ്പർ- 122/21) | കാമധേനു ക്ഷീരോത്പാദനം(വനിത) (പ്രൊജക്ട് നമ്പർ- 138/21) |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജ്ജൻ | സീനിയർ വെറ്ററിനറി സർജ്ജൻ |
| പദ്ധതിക്കായി 2020-21 വർഷത്തിൽ ചെലവഴിച്ച തുക | 14,85,000/- (വികസന ഫണ്ട് - ജനറൽ)<br>(വൗച്ചർ നം./ തീയതി, തുക<br>22000565/11.01.21, 55000/-<br>22000566/11.01.21, 110000/-<br>22000567/12.01.21, 55000/-<br>22000643/24.02.21, 55000/<br>22000644/24.02.21, 110000/<br>22000645/24.02.21, 55000/-<br>22000646/24.02.21, 55000/-<br>22000647/24.02.21, 165000/-<br>22000648/24.02.21, 55000/<br>22000661/24.02.21, 55000/<br>22000662/24.02.21, 55000/<br>22000698/30.03.21, 55000/-<br>22000700/30.03.21, 110000/-<br>22000701/30.03.21 110000/-<br>22000704/30.03.21, 55000/<br>22000706/30.03.21, 55000/-<br>22000707/30.03.21, 55000/-<br>22000708/30.03.21, 55000/-<br>22000709/30.03.21, 110000/<br>22000710/30.03.21, | 5,50,000/- (വികസന ഫണ്ട് - ജനറൽ)<br>(വൗച്ചർ നം./ തീയതി, തുക<br>22000564/11.01..21, 165000/<br>22000585/25.01.21, 55000/<br>22000699/30.03.21, 55000/<br>22000702/30.03.21, 55000/<br>22000703/30.03.21, 55000/<br>22000705/30.03.21 165000/) |

| | | |
|---|---|---|
| | 55000/) | |

സുഭിക്ഷ കേരളം പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി നടപ്പാക്കുന്ന മേൽ പദ്ധതികൾ പ്രകാരം ഗുണഭോക്താക്കൾക്ക് രണ്ട് കറവപ്പശുക്കളെ വാങ്ങുന്നതിനും തൊഴുത്ത് നിർമ്മാണം /നവീകരണം നടത്തുന്നതിനും വായ്പാ ബന്ധിതമായി ധനസഹായം അനുവദിക്കുന്നു. ഒരു ഗുണഭോക്താവിന് രണ്ട് കറവപ്പശുക്കളെ വാങ്ങുന്നതിനും തൊഴുത്ത് നിർമ്മാണം/ പുനരുദ്ധാരണത്തിനുമായി 1,70,000/- രൂപ ആകെ ചെലവ് കണക്കാക്കുന്നു. ടി ചെലവിൽ പരമാവധി 55,000/- രൂപ ധനസഹായമായും 90,000/- രൂപ ബാങ്ക് വായ്പ ആയും, 25,000/- രൂപ ഗുണഭോക്തൃവിഹിതമായും വകയിരുത്തിയിരിക്കുന്നു. സുഭിക്ഷ കേരളം പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം കറവപ്പശുവിന്റെ യൂണിറ്റ് കോസ്റ്റായ 60000/- രൂപയുടെ 50 ശതമാനവും തൊഴുത്ത് നിർമ്മാണം / നവീകരണത്തിനായി ചെലവിന്റെ 50 ശതമാനവും (പരമാവധി 25,000/-രൂപ) അനുവദിക്കുന്നു. തൊഴുത്ത് നിർമ്മാണത്തിനായി / നവീകരണത്തിനായി യഥാർത്ഥ ചെലവിന്റെ 50 ശതമാനമോ പരമവാധി 25,000/- രൂപയോ ആണ് സബ്സിഡി അനുവദിക്കാവുന്നത്. എന്നാൽ ഏതാനും ഗുണഭോക്താക്കൾക്ക് മൂല്യനിർണ്ണയ സാക്ഷ്യപത്ര പ്രകാരമുള്ള ചെലവിന്റെ 50 ശതമാനത്തിൽ പരിമിതപ്പെടുത്താതെ തൊഴുത്ത് നിർമ്മാണം/ പുനരുദ്ധാരണത്തിന് പരമാവധി അനുവദിക്കാവുന്ന തുകയായ 25,000/- രൂപയും കറവപ്പശു വാങ്ങുന്നതിന് സബ്സിഡിയായി 30,000/- രൂപയുമടക്കം ആകെ 55,000/- രൂപ, വായ്പ നൽകാമെന്ന് സമ്മതിച്ച ബാങ്കിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | തൊഴുത്ത് നിർമ്മാണത്തിന് / പുനരുദ്ധാരണത്തിന് മൂല്യ നിർണ്ണയ സാക്ഷ്യപത്ര പ്രകാരം ചെലവായ തുക | അനുവദിക്കാവുന്ന സബ്സിഡി | അധികമായി അനുവദിച്ച ധനസഹായം | ധനസഹായം അനുവദിച്ച ബാങ്ക് അക്കൗണ്ട് വിവരങ്ങൾ |
|---|---|---|---|---|---|
| പ്രൊജക്റ്റ് നമ്പർ-122/21- കാമധേനു ക്ഷീരോത്പാദനം | | | | | |
| 1 | സൈനബ ടി.എ., തലക്കപ്പറമ്പിൽ വീട്, മുള്ളൂർക്കര | 15000 | 7500 | 17500 | തൃശ്ശൂർ ജില്ലാ സഹകരണ സൊസൈറ്റി, ചെറുതുരുത്തി (A/c. No. 10736028787) |
| 2 | ജാസ്മിൻ.ടി.എ., മണ്ണവട്ടത്ത്, മുള്ളൂർക്കര | 15000 | 7500 | 17500 | ,, |
| 3 | റസിയ.കെ.വി., കൊട്ടകപറമ്പിൽ, മുള്ളൂർക്കര | 40000 | 20000 | 5000 | ,, |
| 4 | കെ.അച്ചുതൻ, കപ്പാരത്ത് വീട്, മുള്ളൂർക്കര | 40000 | 20000 | 5000 | ,, |
| 5 | രജനി, പാറോലെ, മുള്ളൂർക്കര | 35000 | 17500 | 7500 | ,, |
| പ്രൊജക്റ്റ് നമ്പർ-138/21- കാമധേനു ക്ഷീരോത്പാദനം (വനിത) | | | | | |
| 6 | താഹിറ. ടി.ബി., കണ്ണംപാറ, മുള്ളൂർക്കര | 35000 | 17500 | 7500 | ,, |
| ആകെ | | | | 60,000 | |

സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം അനുവദനീയമായ സബ്സിഡി തുകയിൽ കവിഞ്ഞ് അനുവദിച്ച ധനസഹായമായ 60,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി സഞ്ചിത നിധിയിൽ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക്പഞ്ചായത്തിൽ 2020-21 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. ആയതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം. | തിയതി | തുക (₹) |
|---|---|---|---|
| 1 | 2200213 | 05.8.20 | 6300/- |
| 2 | 2200214 | 05.8.20 | 6300/- |
| 3 | 2200215 | 05.8.20 | 23184/- |
| 4 | 2200249 | 17.8.20 | 10500/- |
| 5 | 2200367 | 28.11.20 | 18900/- |
| 6 | 2200423 | 27.2.21 | 18900/- |
| 7 | 2200439 | 15.3.21 | 19320/- |
| 8 | 2200462 | 17.3.21 | 5760/- |
| ആകെ 1,09,794/- | | | |

സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള 15% ഡിസ്കൗണ്ട് അനുവദിച്ചുകിട്ടുന്നതിന് നടപടികളൊന്നും സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 29/2.6.22 നൽകിയെങ്കിലും,മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള 15% ഡിസ്കൗണ്ട് അനുവദിച്ചുകിട്ടുന്നതിന് നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്.

## 1-35 മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

1997-ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം. 270/12/തസ്വഭവ-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം. 36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം. 74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

24.08.2015-ലെ ജി.ഒ.(പി)നം. 375/15/ധന-ഉത്തരവ് പ്രകാരം എല്ലാ എൻജിനീയറിംഗ് വകുപ്പുകളിലേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE സോഫ്റ്റ് വെയർ മുഖേനയാകണമെന്ന് സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് 03.11.2015-ലെ ജി.ഒ.(എം.എസ്)നം. 498/15/ധന-ഉത്തരവ് പ്രകാരം, ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധവകുപ്പുകൾക്കായി സമയപരിധി അനുവദിച്ചും ഉത്തരവായിരുന്നു.

29.02.2016-ലെ ജി.ഒ.(പി)നം. 30/16/ധന-ഉത്തരവ് പ്രകാരം, ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവർത്തികളിൽ കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കാനും ഓവർഹെഡ്ചാർജ്ജസ് എസ്റ്റിമേറ്റിന്റെ 7.5% അനുവദിക്കാനും ഉത്തരവായിരുന്നു.

ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ എസ്റ്റിമേററ് തയ്യാറാക്കിയത് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ MORDഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു

07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥ പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ് വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല. സർക്കാർഉത്തരവിന്റെ അഭാവത്തിൽ 10% CP യ്ക്ക് പുറമേ 10% ഓവർഹെഡ് ചാർജ്ജ് MORD DATA യിൽ അനുവദിക്കുന്നത് ക്രമത്തിലല്ല.

2) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ MORDഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു

DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പിഡബ്ള്യുഡിമാന്വൽ, മേൽസൂചിപ്പിച്ച സർക്കാർഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്. ആയത് അർഹതപ്പെടുത്തി അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും ലഭ്യമായില്ല. സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ ഇപ്രകാരം അനുവദിച്ചത് ക്രമത്തിലല്ല.

മേൽ അപാകതകൾ കാരണം എസ്റ്റിമേറ്റ് തുക അനർഹമായി ഉയർന്ന് നിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 17/01.06.22.)

## 1-36 മരാമത്ത് പണികൾ-- മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.

1997-ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തനകലണ്ടർ-കരാറുകാർ സമർപ്പിക്കുന്നില്ല

2012 ലെ പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

2) പ്രവൃത്തിയുടെ കാലാവധി നീട്ടുന്നതിന് പിഴ ഈടാക്കാനുള്ള വ്യവസ്ഥ—കരാറിൽ ചേർത്തിട്ടുള്ളത് പുതുക്കിയ മാന്വൽ വ്യവസ്ഥ പ്രകാരമല്ല.

പുതുക്കിയ പിഡബ്ള്യുഡി മാന്വൽ പ്രകാരം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നാൽ സ്വീകരിക്കേണ്ട നടപടികളും ഫൈൻ സംബന്ധിച്ച വ്യവസ്ഥകളും സെക്ഷൻ 2112, 2112.1 എന്നിവയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണം നടത്തിയ പ്രവൃത്തികളിലെ കരാർ വ്യവസ്ഥകൾ പരിശോധിച്ചപ്പോൾ, ബന്ധപ്പെട്ട കരാറിൽ ഈ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനു പകരം പരിഷ്കരിച്ച മാന്വൽ പ്രയോഗത്തിൽ വരുന്നതിന് മുൻപേയുള്ള വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയതായി കാണുന്നത്. ഉദാഹരണം 1) പ്രോജക്ട് നം.88/21 പുന്നംപറമ്പ് കോളനി വാട്ടർടാങ്ക് റോഡ്

3) എല്ലാ പൊതുമരാമത്ത് പണികളിലും ഡിസ് പ്ലേ ബോർഡുകൾ പ്രദർശിപ്പിക്കുന്നില്ല .

1997-ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം-17(3) പ്രകാരം, പൊതുമരാമത്ത് പണിയുടെ ഡിസ് പ്ലേ ബോർഡുകൾ പണിസ്ഥലത്ത് പ്രദർശിപ്പിക്കുന്നതിന് നിഷ്കർഷിക്കുന്നുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചശേഷം പ്രവൃത്തി നടക്കുന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ഡിസ് പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നും 29.01.2018 ലെ സ. ഉ(കൈ). നം. 11/18/ത.സ്വ.ഭ.വ ഖണ്ഡിക 13.5 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയ ചില മരാമത്ത് പ്രവൃത്തികളിൽ ഈ നിയമ വ്യവസ്ഥകൾ പാലിച്ചതായി രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല. ഉദാഹരണം: പ്രോജക്ട് നമ്പർ 127/21 നെല്ലിക്കുന്ന് കോളനി പാർശ്വഭിത്തി നിർമ്മാണം കോൺക്രീറ്റിംഗ്

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കുവാൻ തുടർനടപടി ഉണ്ടാകേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 17/01.06.22.)

## 1-37 "എരുമപ്പെട്ടി സി.എച്ച്.സി ജെറിയാട്രിക്ക് വാർഡ് പൂർത്തീകരണം, വൈദ്യുതീകരണം" പ്രോജക്ട് നമ്പർ 48/21 – രേഖകൾ ഹാജരാക്കേണ്ടതാണ്.

2020-21ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 48/21 നമ്പരായി "എരുമപ്പെട്ടി സി.എച്ച്.സി ജെറിയാട്രിക്ക് വാർഡ് പൂർത്തീകരണം, വൈദ്യുതീകരണം" എന്ന പ്രോജക്ട് നടപ്പാക്കിയതായാണ് സുലേഖ പത്രിക പ്രകാരം കാണുന്നത്. ആകെ 17,00,000 അടങ്കൽ കാണിച്ച ഈ പ്രോജക്ടിൽ 16,69,947 രൂപ ചെലവും (ഡവലപ്പ്മെന്റ് ഫണ്ട് ജനറൽ) രേഖപ്പെടുത്തിയിട്ടുണ്ട്. ചെലവ് സംബന്ധിച്ച വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നംപർ | ട്രഷറി ബിൽ നംപർ,തീയതി | വൗച്ചർ നംപർ, തീയതി | തുക (രൂപയിൽ) | തുക ചെലവഴിച്ചതിന് ആധാരമായ സാങ്കേതികാനുമതി |
|---|---|---|---|---|
| 1 | 06/24.08.20 | 22000501/24.08.20 | 497521 | TS 1184/2020-21 |
| 2 | 08/27.08.20 | 22000512/27.08.20 | 473358 | TS 1184/2020-21 & 15/EE/LSGD /Ele.Committee /2020-21/04.06.20 |

| | | | | |
|---|---|---|---|---|
| 3 | 21/24.12.20 | 22000555/24.12.20 | 121682 | 218/EE /LSGD/Ele.Committee /2020-21/21.10.20 |
| 4 | 24/30.12.20 | 22000559/30.12.20 | 431165 | TS 1184/2020-21 |
| 5 | 41/30.03.21 | 22000682/27.03.20 | 146221 | 292/EE /LSGD/Ele.Committee /2020-21/03.02.21 |
| ആകെ | | | 16,69,947 | |

ആകെ 17,00,000 രൂപക്ക് ഭരണാനുമതി ലഭിച്ചതായാണ് പ്രോജക്റ്റ് രൂപീകരണ ഫോറത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആകെ അടങ്കൽ തുകയിൽ 5,00,000 രൂപ കെട്ടിടങ്ങളുടെ വൈദ്യുതീകരണത്തിനും, 12,00,000 രൂപ കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിനും വകയിരുത്തിയതായാണ് പ്രോജക്റ്റ് രൂപീകരണ ഫോറത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പ്രോജക്റ്റ് രൂപീകരണ ഫോറത്തിലെ രേഖപ്പെടുത്തൽ പ്രകാരം 25.04.20 ലെ നംപർ 2020-21/2020/34234 അനുസരിച്ച് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഈ പ്രോജക്റ്റിന് അംഗീകാരവും നൽകി. ഈ പ്രോജക്റ്റുമായി ബന്ധപ്പെട്ട് താഴെ ചേർത്തിരിക്കുന്ന കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1) 2021 ലെ പുതിയ പ്രോജക്റ്റായാണ് അസിസ്റ്റന്റ് എഞ്ചിനീയർ തുക ചെലവഴിച്ചിട്ടുള്ളത്. ആകെ 17,00,000 അടങ്കൽ കാണിച്ച ഈ പ്രോജക്റ്റിൽ 16,69,947 രൂപ ചെലവും രേഖപ്പെടുത്തിയിട്ടുണ്ട്. 21.08.19 ലെ ജി.ഒ(പി) നം.111/19/ഫിൻ ഉത്തരവ് പ്രകാരം 15 ലക്ഷത്തിൽ കൂടുതൽ അടങ്കലുള്ള പ്രവൃത്തിക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകേണ്ടതുണ്ട് (പ്രോജക്റ്റ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആണ് വെറ്റ് ചെയ്തതായി കാണുന്നത്). എന്നാൽ പ്രോജക്റ്റ് പ്രകാരം വിഭാവനം ചെയ്ത17,00,000 രൂപയുടെ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്. (യഥാർത്ഥത്തിൽ ഈ പ്രോജക്റ്റിന് സാങ്കേതികാനുമതി ലഭിച്ചത് നം. TS 1184/2020-21 പ്രകാരം 15,00,000 രൂപക്കാണ്. ഇതിന് പുറമേ രണ്ട് ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് ജില്ലാ പഞ്ചായത്തിന് കീഴിലുള്ള ഇലക്ട്രിക്കൽ കമ്മിറ്റിയിൽ നിന്നും മാത്രം സാങ്കേതികാനുമതി ലഭ്യമാക്കി, പ്രസ്തുത ചെലവ് ഈ പ്രോജക്റ്റ് നടപ്പാക്കിയ ആസ്തിയിൽ നിർവ്വഹിച്ചതായതിനാൽ ഈ പ്രോജക്റ്റ് ശീർഷകത്തിൽ ചേർക്കുകയാണ് ചെയ്തിട്ടുള്ളത്. പുതിയ പ്രോജക്റ്റ് രൂപീകരിച്ചില്ല)

2) ഈ പ്രോജക്റ്റുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ ഇലക്ട്രിഫിക്കേഷൻ ഫയലിൽ ജില്ലാ പഞ്ചായത്തിന് കീഴിലുള്ള ഇലക്ട്രിക്കൽ കമ്മിറ്റി സാങ്കേതികാനുമതി നൽകിയതിന്റെ ഫോട്ടോ കോപ്പി ആണ് ഹാജരാക്കിയിട്ടുള്ളത് ( സാങ്കേതികാനുമതി നംപർ 15/EE/LSGD/Electrical Committee/2020-21 തീയതി 04/06/20). 5,65,000 രൂപക്കാണ് സാങ്കേതികാനുമതി നൽകിയിട്ടുള്ളത്. എന്നാൽ സാങ്കേതികാനുമതി രേഖയോടൊപ്പം ഉണ്ടായിരിക്കേണ്ട വിശദമായ എസ്റ്റിമേറ്റ് ഫയലിൽ ഇല്ല. ആയത് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

മേൽ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ് . അതുവരെ പ്രോജക്റ്റിന് സാങ്കേതികാനുമതി ലഭിച്ച 15,00,000 രൂപയിൽ കൂടുതൽ ചെലവഴിച്ച 1,69,947 രൂപ (16,69,947 - 15,00,000) യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം. 18/01.06.22)

## 1-38 പ്രോജക്റ്റ് രേഖകൾ പരിശോധനക്കായി ആവശ്യപ്പെടുന്നു

2020-21ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 67/21 നമ്പറായി "Block Office New Building Electrification" എന്ന പ്രോജക്റ്റ് നടപ്പാക്കിയതായാണ് ഇ- ബിൽ പത്രിക പ്രകാരം രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സുലേഖ പത്രിക പ്രകാരം ഇപ്രകാരം ഒരു പ്രോജക്റ്റ് നടപ്പാക്കിയതായും കാണുന്നില്ല. Https://lsgkerala.gov.in എന്ന വെബ് അഡ്രസ്സിൽ ലഭ്യമാകുന്ന തദ്ദേശ ഭരണവകുപ്പിന്റെ വെബ്സൈറ്റിലെ പദ്ധതി വിവരങ്ങൾ എന്ന ഡാഷ് ബോർഡിലെ DPC Approved സുലേഖ സ്റ്റേറ്റ്മെന്റിലും ഇപ്രകാരം ഒരു പ്രോജക്റ്റ് നടപ്പാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. ആകെ ഈ പ്രോജക്റ്റിൽ 5,82,142 രൂപ ചെലവും (ഡവലപ്പ്മെന്റ് ഫണ്ട് ജനറൽ) രേഖപ്പെടുത്തിയിട്ടുണ്ട്. ചെലവ് സംബന്ധിച്ച വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നംപർ | ട്രഷറി ബിൽ നംപർ,തീയതി | വൗച്ചർ നംപർ, തീയതി | തുക (രൂപയിൽ) |
|---|---|---|---|
| 1 | 12/11.09.20 | 22000517/11.09.20 | 280917 |
| 2 | 11/11.09.20 | 22000518/11.09.20 | 301225 |
| ആകെ | | | 582142 |

അതിനാൽ ഇപ്രകാരമൊരു പ്രോജക്റ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ അംഗീകാരം സംബന്ധിച്ച രേഖകൾ, സാങ്കേതികാനുമതി സംബന്ധിച്ച രേഖകൾ, പാസ്സാക്കിയ വർക്ക് ബില്ലുകൾ (എം.ബുക്ക് ഉൾപ്പെടെ) എന്നിവ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. അതുവരെ 5,82,142 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി. നം 19/01.06.22)

## 1-39 "ബ്ലോക്ക് ഹെഡ്ക്വാർട്ടേഴ്സ് ട്രസ്സ് വർക്ക് സീലിംഗ് ഇലക്ട്രിഫിക്കേഷൻ അനുബന്ധപ്രവർത്തികൾ" - പ്രോജക്റ്റ് നംപർ 44/21 – രേഖകൾ ഹാജരാക്കേണ്ടതാണ്.

2020-21ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 44/21 നംപരായി "ബ്ലോക്ക് ഹെഡ്ക്വാർട്ടേഴ്സ് ട്രസ്സ് വർക്ക് സീലിംഗ് ഇലക്ട്രിഫിക്കേഷൻ അനുബന്ധപ്രവർത്തികൾ" എന്ന പ്രോജക്റ്റ് നടപ്പാക്കിയതായാണ് സുലേഖ പത്രിക പ്രകാരം കാണുന്നത്. ആകെ 15,00,000 രൂപ അടങ്കൽ കാണിച്ച ഈ പ്രോജക്റ്റിൽ 14,67,345 രൂപ ചെലവും(മെയിന്റനൻസ് ഗ്രാന്റ്- നോൺറോഡ്) രേഖപ്പെടുത്തിയിട്ടുണ്ട്. ചെലവ് സംബന്ധിച്ച വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നംപർ | ട്രഷറി ബിൽ നംപർ,തീയതി | വൗച്ചർ നംപർ, തീയതി | തുക (രൂപയിൽ) |
|---|---|---|---|
| 1 | 22/24.12.20 | 22000554/24.12.20 | 199425 |
| 2 | 26/16.01.21 | 22000578/15.01.21 | 54115 |
| 3 | 28/23.01.21 | 22000589/25.01.21 | 1213805 |
| ആകെ | | | 14,67,345 |

ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ ചേർത്തിരിക്കുന്ന കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ താൽപര്യപ്പെടുന്നു.

1) 2021 ലെ പുതിയ പ്രോജക്ടായാണ് അസിസ്റ്റന്റ് എഞ്ചിനീയർ തുക ചെലവഴിച്ചിട്ടുള്ളത്. ആകെ 15,00,000 അടങ്കൽ കാണിച്ച ഈ പ്രോജക്ടിൽ 14,67,345 രൂപ ചെലവും രേഖപ്പെടുത്തിയിട്ടുണ്ട്. 21.08.19 ലെ ജി.ഒ(പി) നം.111/19/ഫിൻ ഉത്തരവ് പ്രകാരം 15 ലക്ഷം അടങ്കലുള്ള പ്രവൃത്തിക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകേണ്ടതുണ്ട്. എന്നാൽ പ്രോജക്ട് പ്രകാരം വിഭാവനം ചെയ്ത പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

2) പ്രോജക്ടിന്റെ ചെലവുമായി ബന്ധപ്പെട്ട് ഹാജരാക്കിയിട്ടുള്ളത് 22/24.12.20 എന്ന ട്രഷറി ബിൽ നംപർ ( വൗച്ചർ നംപർ 22000554/24.12.20 ) പ്രകാരം ചെലവഴിച്ച 1,99,425 രൂപയുടെ വൌച്ചർ മാത്രമാണ്. ലഭ്യമാക്കിയ ഫയലിൽ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് ന്യൂ ബിൽഡിംഗ് അഡീഷണൽ വയറിംഗ് എന്ന പ്രവൃത്തിക്കായി ജില്ലാ പഞ്ചായത്തിന് കീഴിലുള്ള ഇലക്ട്രിക്കൽ കമ്മറ്റി 2,00,000രൂപക്ക് സാങ്കേതികാനുമതി നൽകിയതിന്റെ രേഖകൾ ആണ് ഹാജരാക്കിയിട്ടുള്ളത് ( സാങ്കേതികാനുമതി നംപർ 141/EE /LSGD/Electrical Committee/2020-21 തീയതി 19/08/20). ഈ പ്രവൃത്തിക്കായി എസ്റ്റിമേറ്റ് നിരക്കിൽ ഷാർജാസ് എന്ന കരാറുകാരനുമായി 16/AE/LSGD/WKY/2020-21 തീയതി 30/10/20 ഉടമ്പടിയിൽ ഏർപ്പെട്ട് 25/19-20 എം.ബുക്കിൽ അളവുകൾ രേഖപ്പെടുത്തിയാണ് വൗച്ചർ നംപർ 22000554/24.12.20 പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്.

എന്നാൽ മേൽ പട്ടികപ്പെടുത്തിയ മറ്റ് വൌച്ചറുകൾ പ്രകാരം ചെലവഴിച്ച തുകക്കുള്ള വർക്ക് ബില്ലുകൾ എം.ബുക്ക് സഹിതം പരിശോധനക്കായി ലഭിച്ചിട്ടില്ല. ആയത് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

മേൽ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. അതുവരെ 22000578/15.01.21, 22000589/25.01.21 എന്നീ വൌച്ചറുകൾ പ്രകാരം ചെലവഴിച്ച 12,67,920 രൂപയുടെ (54115 + 1213805) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം. 20/01.06.22)

## 1-40 വൌച്ചറുകളും അനുബന്ധ ഫയലുകളും പരിശോധനക്ക് ലഭിച്ചിട്ടില്ല - ആയത് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

2020-21 സാമ്പത്തികവർഷത്തിൽ, അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി, താഴെ പട്ടികപ്പെടുത്തിയ പ്രകാരം ചെലവെഴുതിയ തുകയ്ക്കുള്ള വൌച്ചറുകളും അനുബന്ധ ഫയലുകളും പരിശോധനക്ക് ലഭിച്ചിട്ടില്ല. ആയത് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

| ക്രമ നംപർ | പ്രോജക്ട് നംപർ | പ്രോജക്ട് | വൌച്ചർ നംപർ, തീയതി | തുക(രൂപയിൽ) |
|---|---|---|---|---|
| 1 | 76/21 | കരുവാൻപടി കുടിവെള്ള പദ്ധതി വാർഡ് 4 വരവൂർ ഗ്രാമ പഞ്ചായത്ത് | 22000148/12.04.20 | 5,00,000 (DF G) |
| 2 | 81/21 | ഇരുനിലംകോട് മേനോൻചിറ കുട്ടക്കച്ചാൽ കുടിവെള്ള പദ്ധതി | 22000150/12.04.20 | 4,30,000 (DF G) |
| 3 | 82/21 | കാഞ്ഞിരശ്ശേരി കുടിവെള്ള പദ്ധതി | 22000137/11.04.20 | 5,00,000 (DF G) |

മേൽ തുകകൾ ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് ചെയ്തതാണെങ്കിൽ പണി പൂർത്തീകരിക്കുന്ന/പൂർത്തീകരിച്ച പക്ഷം പ്രവൃത്തിയുടെ മൂല്യനിർണ്ണയ പത്രിക സഹിതം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.24/02.06.22)

## 1-41 വെട്ടുകാട് കോളനി കുടിവെള്ള പദ്ധതി (വരവൂർ ഗ്രാ. പ) - ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നംപർ | 60/21 |

| | |
|---|---|
| പ്രൊജക്ട് | വെട്ടുകാട് കോളനി കുടിവെള്ള പദ്ധതി (വരവൂർ ഗ്രാ. പ) |
| സാങ്കേതികാനുമതി | 27307/2020-21 |
| എസ്റ്റിമേറ്റ് നംപർ | 2020/33481 |
| സാങ്കേതികാനുമതി തുക | 5,00,000 രൂപ |
| കരാറുകാരൻ | ശ്രീ. ഹക്കീം.എൻ |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| കരാർ ഉടമ്പടി | 07/AE/LSGD/WKY/2020-21 Dtd. 25.06.20 |
| എം.ബുക്ക് | 14/19-20 |
| വൗച്ചർ നംപർ, തുക | 22000543/12.11.20 = 432432 ( SCP )<br>22000588/25.01.21 = 67567 ( SCP ) |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം Yield Test, Water Quality Test, വിതരണ ലൈൻ പി.വി.സി പൈപ്പ് ഉപയോഗിച്ച് 800 മീറ്റർ നീട്ടുന്നതിനും, ജി.ഐ പൈപ്പ് ഉപയോഗിച്ച് 438 മീറ്റർ നീട്ടുന്നതിനും, നെയിം ബോർഡ് സ്ഥാപിക്കുന്നതിനുമാണ് തുക വകയിരുത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പ്രവൃത്തിയുടെ Source Of Water (കിണർ), പ്രസ്തുത Source Of Water നിലവിൽ ഉപയോഗിക്കുന്നതാണോ എന്നീ വിവരങ്ങൾ ചേർത്തിട്ടില്ല. അതേസമയം പ്രോജക്ട് രൂപീകരണ ഫോറത്തിലെ രേഖപ്പെടുത്തൽ പ്രകാരം പുതിയ ബോർവെൽ നിർമ്മാണം, പമ്പ് ഹൗസ് നിർമ്മാണം, പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ ആണ് പ്രോജക്ടിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും ആയി വിഭാവനം ചെയ്തിട്ടുള്ളത്.

2) KWA യിൽ നിന്നും ലഭ്യമായ Water Quality Test റിസൾട്ട് പ്രകാരം Turbity And Iron Above Limit, Coliform Bacteria Present എന്നുമാണ് Remarks ആയി ചേർത്തിട്ടുള്ളത്. എന്നാൽ Yield Test നടത്തിയിട്ടില്ല. Yield Test ന്റെ അഭാവത്തിൽ എസ്റ്റിമേറ്റ് പ്രകാരം ചെയ്ത പൈപ്പ് ലൈൻ നീട്ടൽ പ്രവർത്തനങ്ങൾ എങ്ങിനെയാണ് ഉപയോഗപ്രദമാകുന്നത് എന്ന് വ്യക്തമല്ല.

3) കുടിവെള്ള പദ്ധതി ഗുണഭോക്തൃസമിതിക്കോ, ഗ്രാമ പഞ്ചായത്തിനോ കൈമാറിയതായി രേഖയില്ല.

4) പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രമോ, മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ടോ ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. അതുവരെ 4,99,999 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം. 37/03.06.22)

## 1-42 കാലിബാരൽ വില ഈടാക്കാതെ കരാറുകാരന് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ്

ബ്ലോക്ക് പഞ്ചായത്തിൽ വിവിധ റോഡ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് Packed Bitumen നിരക്ക് ഉൾപ്പെടുത്തിയാണ്. എന്നാൽ ഫൈനൽ ബിൽ അനുവദിക്കുമ്പോൾ കാലി ബാരൽ തിരികെ ലഭിക്കുകയോ, കരാറുകാരനിൽ നിന്നും കാലിബാരൽ വില ഈടാക്കുകയോ ചെയ്യാതെയാണ് തുക അനുവദിച്ച നൽകിയിട്ടുള്ളത്. ഇപ്രകാരം തുക അനുവദിച്ച നൽകിയതിനാൽ കരാറുകാർക്ക് അർഹമായതിലും അധികം തുക ലഭിക്കുന്നതിന് ഇടയായി. വിശദാംശം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നംപർ | 90/20, 78/21 |
| പ്രൊജക്ട് | സുബ്രഹ്മണ്യൻ കോവിൽറോഡ് ദേശമംഗലം ഗ്രാമ പഞ്ചായത്ത് |
| സാങ്കേതികാനുമതി | 54325/2019-20 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2019-20/95511 Dtd. 06.09.19 |
| സാങ്കേതികാനുമതി തുക | 5,00,000 രൂപ |
| കരാറുകാരൻ | ശ്രീ. സുബൈർ. എസ്.വൈ |
| കരാർ നിരക്ക് | 441012.84 രൂപ |
| കരാർ ഉടമ്പടി | 09/AE/LSGD/WKY/19-20 Dtd. 02.11.19 |
| എം.ബുക്ക് | 13/19-20 |
| വൗച്ചർ നംപർ, തുക | 22000141/11.04.20 = 491091 (DF G) |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | | 438474.11 |
| (+) 12% GST | | 52616.89 |
| ആകെ | | 491091 |
| (-)ആദായനികുതി 1% | 4385 | |

| | | |
|---|---|---|
| (-)ക്ഷേമനിധി വിഹിതം 1% | 4385 | |
| (-)ജി.എസ്.ടി 2% | 8770 | |
| ആകെ കിഴിവ് | | 35232 |
| കരാറുകാരന് നൽകിയത് | | 473551 |

എം ബുക്ക് പേജ് 22ലെ രേഖപ്പെടുത്തൽ പ്രകാരം ഈ പ്രവൃത്തിക്കായി VG30ബിറ്റുമിൻ 825.64 കി.ഗ്രാം ഉം, RS1 ബിറ്റുമിൻ 107.61 കി.ഗ്രാം ഉം, SS1 ബിറ്റുമിൻ 332.61 കി.ഗ്രാം ഉം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം Packed Bitumen ന്റെ MORDലെ മാർക്കറ്റ് നിരക്കാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ടുതന്നെ കരാറുകാരന് ഫൈനൽ ബിൽ അനുവദിക്കുമ്പോൾ കാലി ബാരൽ വില ഈടാക്കേണ്ടതായിരുന്നു. എന്നാൽ കാലി ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത് (VG30 ബിറ്റുമിൻ 825.64/156 = 5 ബാരൽ , RS1 + SS1ബിറ്റുമിൻ (107.61 + 332.61)/182 = 2 ബാരൽ ആകെ 07ബാരൽ). അതുകാരണം കരാറുകാരന് അധികതുക അനുവദിക്കാനിടയായി. വിശദവിവരം താഴെ പട്ടികപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | | 438474.11 |
| (+) 12% GST | | 52616.89 |
| ആകെ | | 491091 |
| (-)ആദായനികുതി 1% | 4385 | |
| (-)ക്ഷേമനിധി വിഹിതം 1% | 4385 | |
| (-)ജി.എസ്.ടി 2% | 8770 | |
| (-)കാലി ബാരൽ വില 7 എണ്ണം @ 238/one | 1666 | |
| (-)കാലി ബാരൽ വിലയുടെ ജി.എസ്.ടി 18 % | 300 | |
| ആകെ കിഴിവ് | | 19506 |
| കരാറുകാരന് അർഹമായത് | | 471585 |
| കരാറുകാരന് നൽകിയത് | | 473551 |
| അധികം നൽകിയത് | | 1966 |

ഈ അധിക ചെലവ് തുക തെറ്റായി കൈപ്പറ്റിയ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ തുക കരാറുകാരനിൽ നിന്നും ഈടാക്കാൻ സാധിക്കാത്ത പക്ഷം തുക തെറ്റായി അനുവദിച്ചുനൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 25/02.06.22)

## 1-43 എം. ബുക്കിൽ ഫൈനൽ ബിൽ തയ്യാറാക്കി പാസ്സാക്കാതെ കരാറുകാരന് ഫൈനൽ ബിൽ പ്രകാരം തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് നൽകിയത് ക്രമത്തിലല്ല.

| | |
|---|---|
| പ്രൊജക്ട് നംപർ | 123/19, 68/20, 72/21 |
| പ്രൊജക്ട് | കാർഷിക പരിശീലനകേന്ദ്രം |
| സാങ്കേതികാനുമതി | 106588/2018-19 |
| എസ്റ്റിമേറ്റ് നംപർ | 2018/141275 |
| സാങ്കേതികാനുമതി തുക | 34,00,000 രൂപ |
| കരാറുകാരൻ | ശ്രീ. സുബൈർ. എം.എം |
| കരാർ നിരക്ക് | 33,99,125.81രൂപ |
| കരാർ ഉടമ്പടി | 02/AEE/LSGD/WKY/Dtd. 05.02.19 |
| എം.ബുക്ക് | 07/18-19, 08/18-19, 12/18-19 |
| വൗച്ചർ നംപർ, തുക | 21900673/29.08.19 = 12,21,321 (DF G)<br>22000136/ 11.04.20 = 3,12,653 (DF G)<br>ചെക്ക്നംപർ JN 2575051/30.06.20 = 48765 തനത് ഫണ്ട് |

2018-19 ൽ ആരംഭിച്ച ഈ പ്രോജക്ടിന്റെ ആദ്യപാർട്ട് ബിൽ 2018-19 ൽ നൽകിയിട്ടുണ്ട് ( ട്രഷറി ബിൽ റഫറൻസ് നംപർ 18130563019201489489 Dtd 23.03.19 - 17,87,098 രൂപ). എം ബുക്ക് 08/18-19 ൽ പേജ് 1 മുതൽ 9വരെയാണ് ഈ പാർട്ട് ബിൽ തയ്യാറാക്കിയിട്ടുള്ളത്. ഉടർന്ന് എം ബുക്ക് 08/18-19 ൽ പേജ് 10 മുതൽ 23 വരെയാണ് രണ്ടാം പാർട്ട് ബിൽ തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ 2020-21 ൽ ഫൈനൽബിൽ പ്രകാരമുള്ള തുക അനുവദിക്കുമ്പോൾ ഈ എം.ബുക്ക് പ്രകാരമോ പ്രവൃത്തിക്കായി ഉപയോഗപ്പെടുത്തിയ മറ്റ് രണ്ട് എം.ബുക്കുകൾ പ്രകാരമോ ഫൈനൽ ബിൽ തയ്യാറാക്കിയതായി കാണുന്നില്ല. എം. ബുക്കിൽ ഫൈനൽ ബിൽ തയ്യാറാക്കി പാസ്സാക്കാതെ കരാറുകാരന് ഫൈനൽ ബിൽ പ്രകാരം തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് നൽകിയത് ക്രമപ്രകാരമല്ല.

മേൽ അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. അതുവരെ ഫൈനൽ ബിൽ പ്രകാരം പാസ്സാക്കി നൽകിയ 361418 ( 3,12,653 + 48765) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം.34/03.06.22)

## 1-44 ക്വാളിറ്റി ടെസ്റ്റ് ഉറപ്പുവരുത്താതെ ബിൽ തുക അനുവദിച്ചു നൽകിയത് - ക്രമവിരുദ്ധം.

1997-ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, ബ്ലോക്ക് പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ- ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA,SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD,MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

10.09.2015-ലെ ജി.ഒ.(ആർ.ടി)നം.1339/2015/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പിഡബ്ള്യുഡി ക്വാളിറ്റി കൺട്രോൾ മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഈ മാന്വൽ വ്യവസ്ഥ അനുസരിച്ചും, 2012ലെ പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2214 അനുസരിച്ചും, 04.09.2014ലെ സർക്കുലർ നം.10434/C3/2014/PWD അനുസരിച്ചും 15ലക്ഷത്തിന് മുകളിൽ എസ്റ്റിമേറ്റുള്ള കരാർ പ്രവൃത്തികളിൽ ഏതെല്ലാം അവസരങ്ങളിൽ കരാറുകാരൻ ബിൽ സമർപ്പിക്കുന്നുവോ പ്രസ്തുത സന്ദർഭങ്ങളിലെല്ലാം കരാറുകാരൻ സ്വന്തം ചെലവിൽ നടത്തിയ First Tier QC Testing സർട്ടിഫിക്കറ്റ് സഹിതം വേണം ബിൽ സമർപ്പിക്കുവാൻ. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ ഇപ്രകാരമുള്ള നടപടിക്രമം പാലിച്ചതായി ഫയലിൽ രേഖയില്ല. ക്വാളിറ്റി ടെസ്റ്റ് ഉറപ്പുവരുത്താതെ ബിൽ തുക അനുവദിച്ചു നൽകിയതിന് ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനംപർ | പ്രൊജക്റ്റ് വിവരം | സാങ്കേതികാനുമതി നംപർ,തുക | കരാറുകാരൻ | ബിൽ വിവരം | ഫണ്ട് |
|---|---|---|---|---|---|
| 1 | 68/20<br>72/21<br>കാർഷിക പരിശീലനകേന്ദ്രം | 106588/2018-19<br>എസ്റ്റിമേറ്റ് നംപർ 2018/141275<br>34,00,000 രൂപ | ശ്രീ. സുബൈർ.എം.എം | വൌച്ചർ നംപർ 21900673/29.08.19 = 12,21,321 രൂപ<br>വൌച്ചർ നംപർ 22000136/ 11.04.20 = 3,12,653 രൂപ<br>ചെക്ക്നംപർ JN 2575051/30.06.20 = 48765 രൂപ | ഡവലപ്പ്മെന്റ് ഫണ്ട് (ജനറൽ)<br>ഡവലപ്പ്മെന്റ് ഫണ്ട് (ജനറൽ)<br>തനത് ഫണ്ട് |
| 2 | 68/21<br>എരുമപ്പെട്ടി സി.എച്ച്.സി വൃദ്ധർക്ക് വേണ്ടിയുള്ള വാർഡ് കെട്ടിടനിർമ്മാണ പൂർത്തീകരണം | Revised TS നം. 80833/17-18 Dtd. 19.03.20<br>26,57,400 രൂപ | ശ്രീ. അഖിൽ. ടി.എ | വൌച്ചർ നംപർ 21900638/ 17.04.19 = 625943 രൂപ<br>വൌച്ചർ നംപർ 21900663/30.07.19 = 375977 രൂപ<br>വൌച്ചർ നംപർ 22000147/12.04.20 = 393547രൂപ<br>വൌച്ചർ നംപർ 22000163/20.05.20 = 801375<br>വൌച്ചർ നംപർ 22000509/26.08.20 = 154014 | ഡവലപ്പ്മെന്റ് ഫണ്ട് (ജനറൽ) |

| | | | | | |
|---|---|---|---|---|---|
| 3 | 86/20<br>95/21<br>ബ്ലോക്ക് ഓഫീസ് പുതിയകെട്ടിട നിർമ്മാണം മൂന്നാം ഘട്ടം | 53834/2019-20<br>LSGD/TS/2019-20 /95068 Dtd. 05.09.19<br>39,93,930.97 | ശ്രീ. പി.എ. ഇഷാക്ക് | വൌച്ചർ നംപർ 22000161/20.05.20 = 11,29,657രൂപ<br>വൌച്ചർ നംപർ 22000590/28.01.21 = 507006<br>വൌച്ചർ നംപർ 22000594/28.01.21 = 11,63,337<br>ചെക്ക്നംപർ JM 2883783/24.02.21 = 8,99,920 രൂപ | ഡവലപ്പ്മെന്റ് ഫണ്ട് (ജനറൽ)<br>"<br>"<br>തനത് ഫണ്ട് |

അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.33/03.06.22)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് വാഹനം വാടകക്കെടുക്കൽ - വാടകയിനത്തിൽ അധിക തുക നല്കി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പാക്കിയ , എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് വാഹനം വാടകക്കെടുക്കൽ എന്ന പ്രോജക്ട് പ്രകാരം 2019-20 (പ്രോജക്ട് നം.81/20) വർഷത്തിൽ തനത് ഫണ്ടിൽ നിന്നും₹2,46,968/-യും, 2020-21 (പ്രോജക്ട് നം.3/21) വർഷത്തിൽ ₹3,53,561/-യും ചെലവഴിച്ചിട്ടുണ്ട്.

12.07.2019ലെ കരാർ ഉടമ്പടി നമ്പർ 1/AEE/LSGD/WKY/2019 , 23.07.2020 ലെ കരാർ ഉടമ്പടി നമ്പർ 1/AEE/LSGD/WKY/20-21 പ്രകാരം റിൻഷാദ്.എം.ഐ., മങ്കുന്നത്ത് ഹൗസ്, എങ്കക്കാട്-പി.ഓ. മാരാത്തുക്കുന്ന് എന്നവരുടെ വാഹനമാണ് കരാർ തീയതി മുതൽ ഓരോ വർഷത്തേയ്ക്ക് ഉപയോഗപ്പെടുത്തിയിരുന്നത് (12.07.2019 മുതൽ 22.07.2021 വരെ). കരാർ പ്രകാരം പ്രതിമാസ വാടക വാഹനത്തിന്റെ എല്ലാ ചെലവുകളും ഉൾപ്പെടെ ₹29,000/-യാണ്.

മേൽ കരാർ ഉടമ്പടി ഖണ്ഡിക:5 പ്രകാരം വണ്ടിയുടെ ലോഗ് ബുക്ക് ഓഫീസറുടെ നിയന്ത്രണത്തിൽ സൂക്ഷിക്കേണ്ടതും, യാത്ര സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

കരാർ ഉടമ്പടി ഖണ്ഡിക:4 പ്രകാരം പ്രതിമാസം 1500 കിലോമീറ്ററിൽ കുറയാത്ത ട്രിപ്പുകൾ ഉണ്ടായിരിക്കുന്നതാണെന്നും, അധിക നിരക്ക് കണക്കാക്കുന്നത് മൂന്ന് മാസം ആകെ സഞ്ചരിച്ച ദൂരം ഒരു ബ്ലോക്കായി തിരിച്ച് 4500 കിലോമീറ്റർ അധികരിക്കുമ്പോഴാണ്. ഇപ്രകാരം അധികരിച്ച ഓരോ കിലോമീറ്ററിനും ക്വാട്ട് ചെയ്ത ₹14/- നിരക്കിലായിരിക്കും വാടക കണക്കാക്കുകയെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.ഇതിന്റെ അടിസ്ഥാനത്തിൽ 2020 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ എന്നീ മാസങ്ങളിൽ അധികരിച്ച 1099 കിലോമീറ്ററിന് ₹14/- നിരക്കിൽ ₹15,386/- വൗച്ചർ നം.22000250/10.08.20 പ്രകാരം നല്കിയിട്ടുണ്ട്. എന്നാൽ ലോഗ് ബുക്ക് പരിശോധിച്ചതിൽ 21.01.2020 മുതൽ 20.02.2020 വരെ ഒരുമാസ കാലയളവിൽ 1226 കിലോമീറ്ററും, 21.02.2020 മുതൽ 20.03.2020 വരെ ഒരുമാസ കാലയളവിൽ 1139 കിലോമീറ്ററും, 21.03.2020 മുതൽ 20.04.2020 വരെ ഒരുമാസ കാലയളവിൽ 2762 കിലോമീറ്ററും ഉൾപ്പെടെ ആകെ 5127 കിലോമീറ്ററാണ് സഞ്ചരിച്ചിട്ടുള്ളത്. അധികരിച്ച കിലോമീറ്ററായ 627 (5127 – 4500) കിലോമീറ്ററിന് ₹14/- നിരക്കിൽ നല്കേണ്ട തുക ₹8778/- മാത്രമാണ്. എന്നാൽ മേൽ കാണിച്ച പ്രകാരം ഈ ഇനത്തിൽ ₹15,386/- റിൻഷാദ്.എം.ഐ., മങ്കുന്നത്ത് ഹൗസ്, എങ്കക്കാട്-പി.ഓ. മാരാത്തുക്കുന്ന് എന്നവർക്ക് അനുവദിച്ച് നല്കിയിട്ടുള്ളതാണ്. അധികമനുവദിച്ച ₹6,608/- തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.32/02.06.2022)

### 3-2 അനുവദനീയമായതിലധികം തുക ധനസഹായം അനുവദിച്ചു.

| പ്രൊജക്ടിന്റെ നമ്പറും പേരും | കാമധേനു ക്ഷീരോത്പാദനം | കാമധേനു ക്ഷീരോത്പാദനം(വനിത) |
|---|---|---|

| | | |
|---|---|---|
| | (പ്രൊജക്റ്റ് നമ്പർ- 122/21) | (പ്രൊജക്റ്റ് നമ്പർ- 138/21) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനിയർ വെറ്റിനറി സർജ്ജൻ | സീനിയർ വെറ്റിനറി സർജ്ജൻ |
| പദ്ധതിക്കായി 2020-21 വർഷത്തിൽ ചെലവഴിച്ച തുക | 14,85,000/- (വികസന ഫണ്ട് - ജനറൽ)<br>(വൗച്ചർ നം./ തീയതി, തുക<br>22000565/11.01.21, 55000/-<br>22000566/11.01.21, 110000/-<br>22000567/12.01.21, 55000/-<br>22000643/24.02.21, 55000/<br>22000644/24.02.21, 110000/<br>22000645/24.02.21, 55000/-<br>22000646/24.02.21, 55000/-<br>22000647/24.02.21, 165000/-<br>22000648/24.02.21, 55000/<br>22000661/24.02.21, 55000/<br>22000662/24.02.21, 55000/<br>22000698/30.03.21, 55000/-<br>22000700/30.03.21, 110000/-<br>22000701/30.03.21 110000/-<br>22000704/30.03.21, 55000/<br>22000706/30.03.21, 55000/-<br>22000707/30.03.21, 55000/-<br>22000708/30.03.21, 55000/-<br>22000709/30.03.21, 110000/<br>22000710/30.03.21, 55000/) | 5,50,000/- (വികസന ഫണ്ട് - ജനറൽ)<br>(വൗച്ചർ നം./ തീയതി, തുക<br>22000564/11.01..21, 165000/<br>22000585/25.01.21, 55000/<br>22000699/30.03.21, 55000/<br>22000702/30.03.21, 55000/<br>22000703/30.03.21, 55000/<br>22000705/30.03.21 165000/) |

സുഭിക്ഷ കേരളം പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി നടപ്പാക്കുന്ന മേൽ പദ്ധതികൾ പ്രകാരം ഗുണഭോക്താക്കൾക്ക് രണ്ട് കറവപ്പശുക്കളെ വാങ്ങുന്നതിനും തൊഴുത്ത് നിർമ്മാണം /നവീകരണം നടത്തുന്നതിനും വായ്പാ ബന്ധിതമായി ധനസഹായം അനുവദിക്കുന്നു. ഒരു ഗുണഭോക്താവിന് രണ്ട് കറവ പ്പശുക്കളെ വാങ്ങുന്നതിനും തൊഴുത്ത് നിർമ്മാണം/ പുനരുദ്ധാരണത്തിനുമായി 1,70,000/- രൂപ ആകെ ചെലവ് കണക്കാക്കുന്നു. ടി ചെലവിൽ പരമാവധി 55,000/- രൂപ ധനസഹായമായും 90,000/- രൂപ ബാങ്ക് വായ്പ ആയും, 25,000/- രൂപ

ഗുണഭോക്തൃവിഹിതമായും വകയിരുത്തിയിരിക്കുന്നു. സുഭിക്ഷ കേരളം പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം കറവപ്പശുവിന്റെ യൂണിറ്റ് കോസ്റ്റായ 60000/- രൂപയുടെ 50 ശതമാനവും തൊഴുത്ത് നിർമ്മാണം / നവീകരണത്തിനായി ചെലവിന്റെ 50 ശതമാനവും (പരമാവധി 25,000/-രൂപ) അനുവദിക്കുന്നു. തൊഴുത്ത് നിർമ്മാണത്തിനായി / നവീകരണത്തിനായി യഥാർത്ഥ ചെലവിന്റെ 50 ശതമാനമോ പരമവാധി 25,000/- രൂപയോ ആണ് സബ്സിഡി അനുവദിക്കാവുന്നത്. എന്നാൽ ഏതാനും ഗുണഭോക്താക്കൾക്ക് മൂല്യനിർണ്ണയ സാക്ഷ്യപത്ര പ്രകാരമുള്ള ചെലവിന്റെ 50 ശതമാനത്തിൽ പരിമിതപ്പെടുത്താതെ തൊഴുത്ത് നിർമ്മാണം/ പുനരുദ്ധാരണത്തിന് പരമാവധി അനുവദിക്കാവുന്ന തുകയായ 25,000/- രൂപയും കറവപ്പശു വാങ്ങുന്നതിന് സബ്സിഡിയായി 30,000/- രൂപയുമടക്കം ആകെ 55,000/- രൂപ, വായ്പ നൽകാമെന്ന് സമ്മതിച്ച ബാങ്കിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | തൊഴുത്ത് നിർമ്മാണത്തിന് / പുനരുദ്ധാരണത്തിന് മൂല്യ നിർണ്ണയ സാക്ഷ്യപത്ര പ്രകാരം ചെലവായ തുക | അനുവദിക്കാവുന്ന സബ്സിഡി | അധികമായി അനുവദിച്ച ധനസഹായം | ധനസഹായം അനുവദിച്ച ബാങ്ക് അക്കൗണ്ട് വിവരങ്ങൾ |
|---|---|---|---|---|---|
| പ്രൊജക്ട് നമ്പർ-122/21- കാമധേനു ക്ഷീരോത്പാദനം | | | | | |
| 1 | സൈനബ ടി.എ., തലക്കപ്പറമ്പിൽ വീട്, മുള്ളൂർക്കര | 15000 | 7500 | 17500 | തൃശ്ശൂർ ജില്ലാ സഹകരണ സൊസൈറ്റി, ചെറുതുരുത്തി (A/c. No. 10736028787) |
| 2 | ജാസ്മിൻ.ടി.എ., മണ്ണവട്ടത്ത്, മുള്ളൂർക്കര | 15000 | 7500 | 17500 | ,, |
| 3 | റസിയ.കെ.വി., കൊട്ടുകപറമ്പിൽ, മുള്ളൂർക്കര | 40000 | 20000 | 5000 | ,, |
| 4 | കെ.അച്യുതൻ, കപ്പാരത്ത് വീട്, മുള്ളൂർക്കര | 40000 | 20000 | 5000 | ,, |
| 5 | രജനി, പാറോലെ, മുള്ളൂർക്കര | 35000 | 17500 | 7500 | ,, |
| പ്രൊജക്ട് നമ്പർ-138/21- കാമധേനു ക്ഷീരോത്പാദനം (വനിത) | | | | | |
| 6 | താഹിറ. ടി.ബി., കണ്ണംപാറ, മുള്ളൂർക്കര | 35000 | 17500 | 7500 | ,, |
| ആകെ | | | | 60,000 | |

സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം അനുവദനീയമായ സബ്സിഡി തുകയിൽ കവിഞ്ഞ് അനുവദിച്ച ധനസഹായമായ 60,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി സഞ്ചിത നിധിയിൽ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 കാലിബാരൽ വില ഈടാക്കാതെ കരാറുകാരന് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ്

ബ്ലോക്ക് പഞ്ചായത്തിൽ വിവിധ റോഡ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് Packed Bitumen നിരക്ക് ഉൾപ്പെടുത്തിയാണ്. എന്നാൽ ഫൈനൽ ബിൽ അനുവദിക്കുമ്പോൾ കാലി ബാരൽ തിരികെ ലഭിക്കുകയോ, കരാറുകാരനിൽ നിന്നും കാലിബാരൽ വില ഈടാക്കുകയോ ചെയ്യാതെയാണ് തുക അനുവദിച്ച് നൽകിയിട്ടുള്ളത്. ഇപ്രകാരം തുക അനുവദിച്ച് നൽകിയതിനാൽ കരാറുകാർക്ക് അർഹമായതിലും അധികം തുക ലഭിക്കുന്നതിന് ഇടയായി. വിശദാംശം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നംപർ | 90/20, 78/21 |
| പ്രൊജക്ട് | സുബ്രഹ്മണ്യൻ കോവിൽറോഡ് ദേശമംഗലം ഗ്രാമ പഞ്ചായത്ത് |
| സാങ്കേതികാനുമതി | 54325/2019-20 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2019-20/95511 Dtd. 06.09.19 |
| സാങ്കേതികാനുമതി തുക | 5,00,000 രൂപ |

| | |
|---|---|
| കരാറുകാരൻ | ശ്രീ. സുബൈർ. എസ്.വൈ |
| കരാർ നിരക്ക് | 441012.84 രൂപ |
| കരാർ ഉടമ്പടി | 09/AE/LSGD/WKY/19-20 Dtd. 02.11.19 |
| എം.ബുക്ക് | 13/19-20 |
| വൗച്ചർ നംപർ, തുക | 22000141/11.04.20 = 491091 (DF G) |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | | 438474.11 |
| (+) 12% GST | | 52616.89 |
| ആകെ | | 491091 |
| (-)ആദായനികുതി 1% | 4385 | |
| (-)ക്ഷേമനിധി വിഹിതം 1% | 4385 | |
| (-)ജി.എസ്.ടി 2% | 8770 | |
| ആകെ കിഴിവ് | | 35232 |
| കരാറുകാരന് നൽകിയത് | | 473551 |

എം ബുക്ക് പേജ് 22ലെ രേഖപ്പെടുത്തൽ പ്രകാരം ഈ പ്രവൃത്തിക്കായി VG30ബിറ്റുമിൻ 825.64 കി.ഗ്രാം ഉം, RS1 ബിറ്റുമിൻ 107.61 കി.ഗ്രാം ഉം, SS1 ബിറ്റുമിൻ 332.61 കി.ഗ്രാം ഉം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം Packed Bitumen ന്റെ MORDലെ മാർക്കറ്റ് നിരക്കാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ടുതന്നെ കരാറുകാരന് ഫൈനൽ ബിൽ അനുവദിക്കുമ്പോൾ കാലി ബാരൽ വില ഈടാക്കേണ്ടതായിരുന്നു. എന്നാൽ കാലി ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത് (VG30 ബിറ്റുമിൻ 825.64/156 = 5 ബാരൽ , RS1 + SS1ബിറ്റുമിൻ (107.61 + 332.61)/182 = 2 ബാരൽ ആകെ 07ബാരൽ). അതുകാരണം കരാറുകാരന് അധികതുക അനുവദിക്കാനിടയായി. വിശദവിവരം താഴെ പട്ടികപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രവൃത്തിയുടെ ആകെ മൂല്യം | | 438474.11 |
| (+) 12% GST | | 52616.89 |
| ആകെ | | 491091 |
| (-)ആദായനികുതി 1% | 4385 | |
| (-)ക്ഷേമനിധി വിഹിതം 1% | 4385 | |
| (-)ജി.എസ്.ടി 2% | 8770 | |
| (-)കാലി ബാരൽ വില 7 എണ്ണം @ 238/one | 1666 | |
| (-)കാലി ബാരൽ വിലയുടെ ജി.എസ്.ടി 18 % | 300 | |
| ആകെ കിഴിവ് | | 19506 |
| കരാറുകാരന് അർഹമായത് | | 471585 |
| കരാറുകാരന് നൽകിയത് | | 473551 |
| അധികം നൽകിയത് | | 1966 |

ഈ അധിക ചെലവ് തുക തെറ്റായി കൈപ്പറ്റിയ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ തുക കരാറുകാരനിൽ നിന്നും ഈടാക്കാൻ സാധിക്കാത്ത പക്ഷം തുക തെറ്റായി അനുവദിച്ചുനൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 25/02.06.22)

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 196000 | പി.എം.എ.വൈ (എസ്.സി.പി) | 196000 | 0 |
| | | 980000 | പി.എം.എ.വൈ (ജനറൽ) | 980000 | 0 |

| | | | | | |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2020-21 | 840000 | പി.എം.എ.വൈ | 126000 | 714000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| അനെർട്ട് | ബ്ലോക്ക് ഓഫീസ് സോളാർ വൈദ്യുതീകരണം | | 1000000 | | 1000000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവോ, മുൻബാക്കിയുടെ വിനിയോഗമോ ഇല്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ് /സർചാർജ് നടപടികളുടെ വിവരം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,37,57,855 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,95,46,192 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 68604 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 70,93,529 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഉത്തരവാദിയായ ആളുടെ സ്ഥിര മേൽവിലാസം |
|---|---|---|---|
| 3-1 | 6,608 | വിനോദ്.ഇ.കെ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | നന്ദനം, ഇടതിരുഞ്ഞി ഹൗസ്, ഇന്ദിരാനഗർ, കുറ്റുമുക്ക്, തൃശ്ശൂർ. |
| 3-2 | 60,000 | വി.എം.ഹാരിസ്, സീനിയർ വെറ്റിനറി സർജ്ജൻ | വാലിയിൽ വീട്, വടക്കാഞ്ചേരി പി.ഒ |
| 3-3 | 1,966 | സുരഭി.സി.എസ് അസി.എഞ്ചിനീയർ | സുബ്രഹ്മണ്യ ഭവൻ, (പി.ഒ.)ഒല്ലൂക്കര, കൃഷ്ണാപുരം, തൃശ്ശൂർ ജില്ല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 1,00,000 | വി.എം.ഹാരിസ്, സീനിയർ വെറ്റിനറി സർജ്ജൻ |

| | | |
|---|---|---|
| 1-20 | 96,205 | വിജിരാജ്.എം.ആർ, പട്ടികജാതി വികസന ഓഫീസർ |
| 1-21 | 22,50,000 | |
| 1-22 | 7,50,000 | |
| 1-23 | 6,25,000 | |
| 1-24 | 3,69,180 | |
| 1-25 | 21,718 | ഡോ.രശ്മി എൻ.സൂപ്രണ്ട്, സി.എച്ച്.സി.എരുമപ്പെട്ടി. |
| 1-37 | 1,69,947 | സുരഭി.സി.എസ് അസി.എഞ്ചിനീയർ |
| 1-38 | 5,82,142 | സുരഭി.സി.എസ് അസി.എഞ്ചിനീയർ |
| 1-39 | 12,67,920 | സുരഭി.സി.എസ് അസി.എഞ്ചിനീയർ |
| 1-41 | 4,99,999 | സുരഭി.സി.എസ് അസി.എഞ്ചിനീയർ |
| 1-43 | 3,61,418 | വിനോദ്.ഇ.കെ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 70,93,529 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വിജിരാജ്.എം.ആർ, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, വടക്കാഞ്ചേരി | മഠത്തിൽ വീട്, ഉരുത്തി പി.ഒ., കുറുപ്പംപടി വഴി, പെരുമ്പാവൂർ – 683545 |
| ഡോ.രശ്മി എൻ.സൂപ്രണ്ട്, സി.എച്ച്.സി.എരുമപ്പെട്ടി. | സൂപ്രണ്ട്, സി.എച്ച്.സി. എരുമപ്പെട്ടി | ടി.സി. 15/356, സി.എസ്.എം. നഗർ, ശാസ്തമംഗലം, തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.ടി.20 – 567/ 2000/21.08.2000 |
| 1998-99 | എൽ.എഫ്.ടി.20- 63/01/03.08.2001 |
| 1999-2000 | എൽ.എഫ്.ടി.21 – 2591/07/31.03.09 |
| 2000-01 | എൽ.എഫ്.ടി.21 – 2590/07/31.03.2009 |
| 2001-02 | എൽ.എഫ്.ടി.21-2589/07/31.03.2009 |
| 2002-03 | എൽ.എഫ്.ടി.21- 2565/07/31.03.2009 |
| 2003-04 | എൽ.എഫ്.ടി.21- 2566/07/31.03.2009 |
| 2004-05 | എൽ.എഫ്.ടി.21- 1071/09/11.05.2010 |
| 2005-06 | എൽ.എഫ്.ടി.21 – 1072/09/11.05.2010 |
| 2006-07 | എൽ.എഫ്.ടി.21- 1073/09/11.05.2010 |
| 2007-08 | എൽ.എഫ്.ടി (ബി.പി)1914/11/21-1-12/3-8-12 |
| 2008-09 | എൽ.എഫ്.ടി.(ബി.പി)1915/11/21-1-12/3-8-12 |
| 2009-10 | എൽ.എഫ്.ടി (ബി.പി) 1916/11/21.01.2012/ 03.08.2012 |
| 2010-11 | എൽ.എഫ്.ടി (ബി.പി) 1974/12/05.02.2013 / 08.04.2013 |
| 2011-12 | എൽ.എഫ്.ടി (ബി.പി)1829/13/ 05.02.2014 / 14.03.2014 |
| 2012-13 | എൽ.എഫ്.ടി (ബി.പി) 1505/14/05.01.2015 / 10.02.2015 |
| 2013-14 | കെ.എസ്.എ.ടി.എസ്. ആർ (ബി.പി) 389/15 13.07.2015/ 30.09.2015 |

| | |
|---|---|
| 2014-15 | കെ.എസ്.എ.ടി.എസ്. ആർ (ബി.പി)1696/16/19.5.16/23.8.16 |
| 2015-16 | കെ.എസ്.എ.ടി.എസ്. ആർ (ബി.പി)319/2017 15-03-2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ (ബിപി1)1751/2017<br>തീ. 08.12.2017 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ (ബിപി1)1751/2017<br>തീ. 08.12.2017 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ (ബിപി1) 58/2020<br>തീ. 04.05.2020 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്